


# SREE NARAYANA ASSOCIATION
## OF NORTH AMERICA, INC

GURUDEVA JAYANTHI - SOUVENIR 1985

# ഗുരു

ആരായുകിലന്ധതമൊഴിച്ചാദിമഹസ്സിൻ
നേരാംവഴി കാട്ടും ഗുരുവല്ലോ പരദൈവം;
ആരാധ്യനതോർത്തീടുകിൽ ഞങ്ങൾക്കവിടുന്നാം
നാരായണമൂർത്തേ ! ഗുരുനാരായണമൂർത്തേ !

അൻപാർന്നവരുണ്ടോ പരവിജ്ഞാനികളുണ്ടോ
വൻപാകെ വെടിഞ്ഞുള്ളവരുണ്ടോയിതുപോലെ
മുൻപായി നിനച്ചൊക്കെയിലും ഞങ്ങൾ ഭജിപ്പൂ
നിൻപാവനപാദം ഗുരുനാരായണമൂർത്തേ!

അന്യർക്കു ഗുണം ചെയ്‌വതിനായുസ്സു വപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലിചെയ്‌വൂ;
സന്യാസികളിലില്ലിങ്ങനെയില്ലില്ലമിയന്നോർ
വന്യാശ്രമമേലുന്നവരും ശ്രീഗുരുമൂർത്തേ!

വാദങ്ങൾ ചെവിക്കൊണ്ടു മതപ്പോരുകൾ കണ്ടും
മോദസ്ഥിരനായങ്ങു വസിപ്പൂ മലപോലെ
വേദാഗമസാരങ്ങളറിഞ്ഞങ്ങൊരുവൻ താൻ
ഭേദാദികൾ കൈവിട്ട ജയിപ്പൂ ഗുരുമൂർത്തേ!

മോഹാകുലരാം ഞങ്ങളെയങ്ങേടെയടിപ്പൂ
സ്നേഹാത്മകമാം പാശമതിൽക്കെട്ടിയിഴപ്പൂ
ആഹാ ബഹുലക്ഷം ജനമങ്ങേത്തിരുനാമ—
വ്യാഹാരബലത്താൽ വിജയിപ്പൂ ഗുരുമൂർത്തേ! □

ആശാൻ

# SREE NARAYANA ASSOCIATION

## OF NORTH AMERICA, INC.

P.O. BOX 1535, NEW ROCHELLE, N.Y. 10801

**Board of Trustees**

N.S. Thampi
P. Vasudevan
K. Sasi

**Executive Committee**

President ...... Gangadharan Kuzhiyathu
Vice President ... Sajeevan P. Narayanan
Secretary .............. Sasi Divakaran
Joint Secretary ........... N.S. Rajeev
Treasurer .......... K.P. Radhakrishnan
Members ........ K.G. Janardhanan
M.N. Jayarajan
K.P. Balan
Mrs. Ammini Velayudhan

**SUB-COMMITTEES**

**PUBLISHING COMMITTEE**

K.G. Janardhanan *(Chairman & Editor)*
N.S. Thampi
P. Udayabhanu
K.P. Radhakrishnan
M. Sudhakaran

**CULTURAL COMMITTEE**

K.P. Radhakrishnan
Mrs. Omana Vasudev
Mrs. Lekshmikutty Gangadharan

**YOUTH REPRESENTATIVE**

Anub Kumar

**BUILDING COMMITTEE**

P. Udayabhanu *(Chairman)*
Mrs. Lekshmikutty Gangadharan
N.S. Thampi
Sasi Kesavan
P. Vasudev

**SPORTS COMMITTEE**

Gopalakrishnan. C.V.
Joshi Narayanan
K.P. Balan

## EDITORIAL

"Chathayam" is a very happy and memorable day. It is the birthday of the great saint and social reformer Sree Narayana Guru who devoted his life for uplifting the mankind. Even though, he was born in India, his life and work transcend the boundries of India. He was really a citizen of the world and for him the entire human race is one. Today, more than ever before, the world needs the message of Sree Narayana Guru, the message of love, harmony and brotherhood.

In order to commemorate Gurudevajayanthi and Onam celebration here at the Hindu Temple Auditorium, New York, we are delighted to bring out this souvenir to you, our esteemed readers. Timely production of this would not have been possible without the assistance of many and we extend our sincere appreciation to all of those who shared the burden of collecting the materials and advertisements for this souvenir.

On behalf of the Souvenir committee, may I thank our generous advertisers who willingly supported this cause by their donations. Also, our sincere thanks are directed toward the authors of the articles published in this souvenir.

K G JANARDHANAN

For Souvenir Committee

*The views expressed by writers, including members of Sree Narayana Association, are those of the authors and not necessarily of the Association. No part of this publication may be reproduced without written consent of Sree Narayana Association of North America.*

## PRESIDENT'S MESSAGE

This is the 131st birthday (Chathayam) of Sree Narayana Guru. I have great pleasure in welcoming everyone of you to the celebrations on behalf of the Sree Narayana Association of North America.

Our organization has been in existence for more than six years. We are organized in the name of Sree Narayana Guru who has won a place in the hearts of millions all over the world. In order to popularize Sree Narayana Philosophy we have to learn Guru's ideals ourselves. It is important that we introduce Narayana Guru to our American friends. But it is much more important that we teach our children about Guru.

Sree Narayana's disciples have been doing many activities for the realization of his noble ideas. However, the main burden of his message was the creation of a new society where all human beings live together as equal. That is why he stressed the idea of forming an association of people without any distinctions of class, caste, religion, language or region.

We are planning to develop our library and to build a meeting place. We are also planning to organize several other activities that will enable us to learn, practice and propagate Sree Narayana Philosophy and the glorious traditions of our culture.

This is the time to learn more about Narayana Guru. When religions hate each other, castes fight each other this becomes all the more relevant. The works of Nataraja Guru, Swami Mangalananda and Guru Nitya Chaitanya Yati are popularizing Narayana Guru and his Universal Philosophy throughout the world. Narayana Gurukula movement and East-West University of Brahmavidya are two vehicles that Guru Nitya effectively uses to achieve this end.

We are all members of one family. We learn, play and live together and that is what the Association is for and all about. Let us join hands and go forward with Sree Narayana Guru's blessings.

Gangadharan Kuzhiyathu (Ala)

A NOTE FROM THE SECRETARY

Dear Friends,

Today we are celebrating the 131st birthday of the great Saint and Social reformer Sree Narayana Guru and the 6th anniversary of Sree Narayana Association of North America. On this occasion I would like to mention some facts about the Association.

Presently our Memebers are not limited from New York alone, but are spread all over North America. More and more individuals are coming forward to enroll themselves as members of the Association. We would like to develop an International Center for spreading the messages and teachings os Sree Narayana Guru and to formulate a definite program for world wide recognition.

The success of this organization can well be attributed to the untiring efforts and hard work of a band of dedicated members, coupled with the unstinted cooperation and assistance rendered by its members and well wishers.

On behalf of Sree Narayana Association, I would like to thank you all for your esteemed support and cooperation in the past and expect more in the future.

May the Blessings of Sree Narayana Guru be with you always.

Yours Sincerely

Sasi Divakaran

**M. K. RAGHAVAN**
PRESIDENT
S. N. D. P. YOGAM
SECRETARY
S. N. TRUSTS

PHONE:
Office: 5883 - S. N. D. P. Yogam
5932 - S. N. Trusts
Res. 5568 - Quilon
24597 - Cochin
**QUILON**
KERALA S. INDIA

30- 7- 1985.

# MESSAGE

It is with immense pleasure that I understand that the Sree Narayana Association of North America is publishing a special issue of "Souvenir" along with Sree Narayana Guru Jayanthi Celebrations. The vision of one caste, one religion and one God symbolisis with Sree Naryana Dharma. He is one of the very few who has been seen the entire humanity as one.

His attainments both spiritual and wordly are thus proved to be motive spirit for the creation of egalitarian society. We congratulate you for your bold announcement of one God, one faith and one mankind following the foot paths of the great Guru.

On behalf of the S.N.D.P. Yogam, may I convey to you our best wishes and greetings on this occasion.

M.K. RAGHAVAN,
President,
S.N.D.P. Yogam.

To

Sri Gangadharan Kuzhuyathu (Ala)
President,
Sree Narayana Association
of North America,
P.O.Box No.1535, New Rochelle
New York, 10801

# SREE NARAYANA GURU

*by Professor M.K. Sanoo*

Sree Narayana Guru was a Rishi, genuinely so, in the ancient Indian tradition. His philosophy was firmly rooted in Sree Sankara's Advaita. More than that, he was truly a "Jnanin of action" as observed by no less a person than the French Philosopher Romain Rolland. His life was mostly devoted to uplifting the downtrodden people of Kerala and other parts of India.

Narayana Guru is reversed and remembered in Kerala as a great savant and seer, an exemplary model of human desires and ambitions, and yet ever active in the tasks he had set before him; a truly Jeevan Mukta Karma Yogi.

Seldom do we find a great spiritual leader who is also a successful social reformer. Sree Narayana Guru was such a rare saint who used his spiritual attainments for the creation of a new man and a new social order. He made an indelible impression on Rabindranath Tagore, who has recorded his feelings thus: "I have been touring different parts of the world. During these travels, I have had the good fortune to come into contact with several saints and Maharshis. But I have frankly to admit that I have never seen one who is spiritually greater than Swami Narayana Guru of Kerala nay, a person who is on a par with him in spiritual attainment. I am sure, I shall never forget that radiant face illumined by the self effluent light of divine glory and those mystic eyes fixing their gaze on a far remote point in the distant horizon."

Kerala in the days of Sree Narayana Guru was a hot-bed of casteism and untouchability, unparalleled in other parts of India. Hence it is that Swami Vivekananda called the place a lunatic asylum. Sree Narayana Guru, a non Brahmin, made a decisive onslaught on caste system by performing a ceremony regarded as the exclusive prerogative of Brahmins. That was the consecration by him of his first Siva temple at Aruvippuram in Kerala. The words he inscribed on the temple wall eloquently declare his vision of the oneness of mankind.

"This is the model abode
Where all men live in brotherhood
Without any caste distinctions
Or religious animosities."

Today, the conditions in Kerala are totally different. Though casteism still exists, untouchability has been mostly eradicated. The Guru's teachings and work have contributed a great deal toward the making of modern India.

Sree Narayana Guru was a man of few words. His conversations were full of wit and wisdom. He never held discourses. Through poems and verses in Sanskrit, Malayalam and Tamil and through messages and conversations he expressed his ideas on the problems facing man and society. He gave orientation to the ancient wisdom and cluture of India, to make them broad-based and applicable to the whole world. His crusade against superstitions and evil practices, his stress, on the cleanliness of body, mind and environment, the importance he attached to education and the establishment of industries and his unconventional ways of consecrating temples, all these were part of his efforts to bring about the regeneration of man and society.

Sree Narayana Guru was a sanyasin and a jnanayogi with a deep insight into problems mundane and supra mundane. He was also a social reformer who helped people suffering from socioeconomic oppression in order to achieve unity and equality among men. He was well-versed in the Vedas and the scriptures and attached importance to them. However, he discarded everything that was based on superstition or which offended the dignity of man. His studies and meditation had led him to conclude that there was absolutely no difference between man and man. He therefore opposed the practice of determining the status of man by his caste, religion, race or class. Today we talk of the rights of man. We have the Declaration of Human Rights by the United Nations Organisation. The Indian Constitution also envisages the creation of a secular, casteless and classless society. The fundamental ideas inspiring these documents were given to the people three quarters of a century ago by Sree Narayana Guru.

Subscribing to the Advaita philosophy of Sree Sankara, the Guru carried it to its logical conclusion. Acceptance of the non-duality of the individual self, and the divine self, according to him, naturally led to the assertion of non-duality of individual selves. He therefore opposed caste system as well as other systems that segregated human beings. Chaturvarnya, a system peculiar to India, was based on the traditional family occupations. In course of time, it had degenerated into the caste system and its direct offshoot untouchability, which has brought untold miseries to a section of our

people. Sree Narayana rightly maintained that Chaturvarnya was contrary to the very spirit or Advaita. His simple and succinct message of "One Caste, One Religion-One God for Man" was an outcome of his reinterpretation of Sankara's Advaita. The message has great relevance for us today, when the traditional family occupations have broken down and people belonging to different social groups have been taking up occupations that are alien to their class. Sree Narayana's teachings enable us to fight vigorously the caste system and untouchability which still persist in our country.

There was a significant difference between Sree Narayana Guru and other great sages and seers. While the latter did not try to dispel the impression that they belonged to a particular caste or religion, the Guru, true to his teachings, declared in unmistakable terms that he did not belong to any caste or religion. He was not opposed to religion as such. His opposition was to the shrubs and weeds that grew around the religions. According to him the goal of all the religions was the same, and hence there was only one religion. He did not want man to be tied down to any particular religion. For him man was more important than religion. As he said, "Whatever be his religion, man must be good.

The Guru was always thinking of an organisation in which all people, irrespective of caste, creed or colour, could come together. Sree Narayana Dharma Paripalana Yogam was formed with his blessings having this object in view. This organisation has no caste name attached to it. Still, it so happened that members of only one caste joined the Yogam in large numbers. Those from other communities who joined it were few in number. Though the Yogam has been doing yeoman service for the propagation of Sree Narayana Dharma, people of other castes have come to look upon it as an organisation of one community. The Guru also established the Dharma Sangham, which was purely meant for his sanyasi followers. The Sree Narayana Gurukulam founded by one of his disciples, Nataraja Guru, which branches in many countries, mainly concentrates on disseminating the Guru's ideas and philosophy among the people.

Sree Narayana Guru was born in a village called Chempazhanti six miles to the north of Trivandrum, in August 1854. The Guru was of great spiritual powers, exercising superhuman influence over those who came into contact with him, a model of simplicity, purity and renunciation and at the same time, the leader of extensive activities and various institutions and also the originator of a great cultural movement of universal significance and value. He founded a network of large institutions, religious, social, educational, industrial and cultural. Many lakhs of people were benefitted by the Guru's efforts. The Guru reigned like a God among men, respected and loved and worshipped. His profound wisdom, the inspiring simplicity and purity of his life, the marvellous powers he weilded over man and nature and the inscrutable mystery that he remained to all who tried to understand him are only a few of the great characteristics which raised him above other mortal beings.

His life has exemplied the truth that sometimes courageous souls who have attained liberation to take birth among peoples who are oppressed by custom to show them the path of emancipation. Like the sun, by mere presence, he spread his light and love. The inspiration of that light has made many a man a famous orator. His loving presence has cut the root of strong enemities. His look of wisdom has given peace to many a doubt tossed mind. His life of renunciation has shown to numerous people the secret of the path of dedicated service or Karma Yoga Rishi Narayana was Patanjali in Yoga, Sankara in wisdom, Manu in the art of Government, Buddha in renunciation, Mohammad in strength of spirit and Christ in humility. He would be one of the divine personalities among the incarnations of God and the super-human beings of India's religions lore. The new philosophy or the modern fulfillment of the ancient philosophy as represented in the practical teachings of Sree Narayana Gurudev aims at unifying not only Hindu religious thought, but also the religious thought of all the nations of the world on the basis of the fundamental unity of the laws of life and truth. Sree Narayana has given to the world the common background of the different schools of Hindu religion. Sree Narayana started the actual reorganisation of Hindu society on the principle of universal brotherhood Sree Sankara could only enunciate this but could not apply to the social conditions of his day.

Sree Narayana's religion was so simple and devoid of all sophisty, his philosophy was so practical, his influence was so powerful in purifying the lives of his followers and own life was so pure, simple and full of the milk of divine kindness for the poor and the helpless that many of his followers hailed him as second Buddha. He was such an inspiring picture of dedication and self-sacrifice that some compared him to Christ. For years he lived among the Muhammadans and his teachng of equality and brotherhood so much resembled those of the Prophet of Islam that he was revered as a great teacher by Muslim devotees.

Gurudeva's philosophy is contained in the motto "One Caste, One Religion, One God" which means the fundamental unity of blood of the human species, the identity of the basic truths of all religions and the common goal of all mankind, Gurudev has given to the world a new interpretation of life problems and pointed the way to a world reconstruction for universal peace and brotherhood.

He attained Samadhi in September 1928. □

## A Guru for Today . . . and Tomorrow
## by Nancy Yeilding

*Each night, weary from our day's activities, we slip into sleep. For some of the time we are in the realm of dreams, where our inner consciousness transforms into many persons, things and situations. Then even that fades away and we become unconscious. When we awake, refreshed, consciousness returns. From that moment until we again enter sleep, we are preoccupied with a multitude of concerns:*

*Are the children up yet? Do they have clean clothes ready to wear? What would they like to have for breakfast? Will they eat enough nourishing food before they fill up on junk? What do they need to stay in good health? Will their teachers understand them and give them a fair chance? Will they have good friends? Will these friends have a good influence? Will they remember what we have taught them about how to behave? Or will they come home scoffing at our values? Will they learn how to be successful? Will they be happy?*

*What tasks do I need to accomplish today? Who do I need to meet with? Will they be receptive to my ideas? How can I encourage them to help me with what I need to accomplish? How can I be helpful to them? What difficulties are we going to face? Will my boss/client be satisfied with my work? Will I continue to be successful in this field? Will we be able to afford all the things we want for our family? Will we be happy?*

*Narayana Guru lived many years ago, in another country. What does he have to say to us that helps us to deal with issues of modern life? Let us look at the wisdom in just one verse from one of his philosophical texts,* Atmopadesa Satakam. *First, he lets us know that he has a good understanding of the lives we lead. He says: "Worldly people, having slept, wake and think many thoughts." He knows that we have many concerns. He knows that the mind is not serene and quiet, but full of thoughts about the persons and things which are dear to us, what we want we are planning, the activities we are engaging in, our fears and our fantasies. That recognition is helpful in itself. He begins with an acceptance of us as we are, which aids us in feeling that these things are all very natural and normal.*

*But still, in this realm of physical and mental activity, there are many possibilities for confusion and suffering. We often find ourselves in pain, or experience many obstacles to fulfilling our desires. We encounter frustration and failure. We go from hope to despair in recurring cycles. We all yearn for an inner peace with which to face the adversities of life.*

*We wish for an understanding that will guide us through confusion and bring solace. We seek happiness that doesn't fade or disappear abruptaly. And, in answer to these wishes, Guru has something further to say to us: "Ever wakefully witnessing all this shines and unlit lamp, precious beyond words; that never fades."*

*There is a reality which is not subject to the ups and downs which we experience day to day. That reality shines within each of us as a witnessing conciousness. In the rare moments when the pressures of the world have abated in we are peaceful, we are aware of that witness which has always been a part of us since before we can remember. Today we are very different in our size, shape and concerns than we were as an infant, a toddler, or a youth. We are in totally different surroundings than we were a few years or even a few days ago. Yet, we have a steady reference point, an integral sense of self that persists through all these changes. That reference point is a legacy of the witness who silently watches all of our changing moods and experiences. Sometimes in the middle of an outburst, we hear from within a voice calmly reminding us, that isn't necessary. Or, set adrift by tragedy we finally come to rest on firm ground. Or, in moments of meditation when the mind is still, we are flooded with light, not light from afar, but light from our very core. We feel like we have come home.*

*These experiences give us guidance, peace, renewed energy and hope, so they are very precious. But again and again we lose our bearings, and are submerged under the tide of multitudinous thoughts. So Guru's words come as a reminder to us: "Ever seeing this, one should go forward." The Guru does ask us to stop our lives, to run to some cave or mountain -top away from the noise and the crowd. When he gives the suggestion of going forward, he recognized that we have responsibilities to be attended to, potentials to be expressed and new territory to explore. He asks us to carry on with our lives. At the same time, he wants us to have a continuous connection to the light of consciousness which illuminates it all.*

*How can we transform our momentary glimpses of the light into an ever - abiding awareness? Narayana Guru, in his great compassion, left a legacy of devotional hymns, works of ecstatic mysticism and profound philosophic text, all written in beautiful poetry. If, in our busy schedules, we take a little time each day to tune to the Guru's Word. that Word becomes a guide to direct our vision. Then the activities of the day unfold in the light of that teaching. When we sit even a few moments in solitude, allowing the mind to settle down, awareness turns from the many to the One that shines in silence. That unifying vision comes to stay with us more and more as our ground, the stage on which all our plays are acted.*

*Thus it is with great gratitude that we listen to the Guru's Word:*

*Worldly people, having slept, wake and think many thoughts.*
*Ever wakefully witnessing all this shines an unlit lamp,*
*precious beyond words; that never fades;*
*ever seeing this, one should go fordward.*

*AUM Tat Sat*

# ശ്രീനാരായണഗുരുദേവനെ പഠിക്കാൻ ശ്രമിക്കണം

**മുത്താനതാഹ**

അജ്ഞതയും അഹങ്കാരവും മനുഷ്യനെ തത്വങ്ങളിൽനിന്നും ആദർശങ്ങളിൽനിന്നും പിറകോട്ടുപിടിക്കുന്നു. ജീവിതമൂല്യങ്ങൾക്ക് വില തീരെയില്ലാതായിക്കൊണ്ടിരിക്കുന്നു. മനുഷ്യർ തമ്മിൽ വളരെ അകന്നു പോകുന്നില്ലേ എന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. സ്നേഹവും സാഹോദര്യവും എപ്പോഴും ലോഭമില്ലാതെ കൈമാറുന്ന ഒരു സാമൂഹിക സ്ഥിതിയാണ് നമുക്കാവശ്യം. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഭാഷ നാമെപ്പോഴും പറഞ്ഞുകൊണ്ടിരിക്കണം. ഇത് നമ്മുടെ നിത്യജീവിതത്തിലേയ്ക്ക് നിർലോപം കിട്ടിക്കൊണ്ടിരിക്കണമെങ്കിൽ ശ്രീനാരായണഗുരുവിനെ പഠിക്കണം.

'അപരനു വേണ്ടിയഹർന്നിശം പ്രയത്നം
കൃപണത വിട്ടു കൃപാലു ചെയ്തിടുന്നു
കൃപണനധോമുഖനായ്ക്കിടന്നു ചെയ്യു—
ന്നപജയകർമ്മമവന്നു വേണ്ടി മാത്രം.,

സ്നേഹസമ്പന്നനായ ഒരുവൻ, തന്റേതെന്നതായ കാര്യങ്ങൾ എല്ലാമുപേക്ഷിച്ച് അന്യനുവേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു; അതിൽ സന്തുഷ്ടനായി ജീവിക്കുന്നു. സ്വാർത്ഥതയെ മുറുകെ പിടിക്കുന്ന മനുഷ്യൻ അവനുവേണ്ടി മാത്രം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ളവന്റെ ജീവിതം അർത്ഥശൂന്യമാണ്. ഇതെത്ര മഹത്തരമായ തത്വമാണ്. ഈ ദർശനം നമ്മളിൽ ഓരോരുത്തരിലും പകർത്താൻ കഴിഞ്ഞാൽ കുടുംബങ്ങളിലും സമുദായങ്ങളിലും ലോകത്തെവിടെയും സാഹോദര്യം പുലരുമെന്നതിൽ സംശയമില്ല.

ഗുരുവിന്റെ ധർമ്മം ആരെങ്കിലും പൂർണ്ണമായി ഇത്രയും കാലമായിട്ടും അനുസരിച്ചോ ഇല്ലയോ എന്നുള്ളത് നാം അറിഞ്ഞുകൊണ്ട് മറക്കണം. ഈ കാലസന്ധിയിൽ അനിവാര്യമായിരിക്കുന്ന ഗുരുസന്ദേശങ്ങളെയും ദർശനങ്ങളെയും ജീവിതത്തിൽ പകർത്താനും പ്രചരിപ്പിക്കാനും സാഹോദര്യത്തിന്റെ പേരിൽ നാം കടമപ്പെട്ടവരാണെന്ന് ഓർക്കണം. മനുഷ്യമനസ്സുകളിൽ ഉണ്ടാകേണ്ട പടിപടിയായ മാറ്റങ്ങൾക്കുവേണ്ടിയുള്ള തത്വോപദേശങ്ങളാണ് ഗുരുദേവകൃതികളിലെല്ലാംതന്നെ. ഗുരുദേവൻ രചിച്ച 'ദൈവദശകം' എന്ന പ്രാർത്ഥനപോലും ലോകപൗരന്റെ മനസ്സാക്ഷിയെ ഉണർത്തുന്നതാണ്. 'ദൈവമേ കാത്തുകൊൾകങ്ങ്' എന്നു തുടങ്ങുന്ന പ്രാർത്ഥന നിത്യം 'ആഴണം വാഴണം' സുഖം എന്നു പറഞ്ഞാണ് അവസാനിക്കുന്നത്.

നമ്മുടെ നിത്യജീവിതത്തിൽ ഉണ്ടാകുന്ന നാനാമുഖമായ അനുഭവങ്ങളും അതു പകർന്നു തരുന്ന അറിവും സാമൂഹ്യമായ കാഴ്ചപ്പാടിൽ ദുസ്സഹമാകാതെ സൂക്ഷിക്കണം. അതിനുതകുന്ന സ്വീകാര്യമായ തത്വങ്ങളാണ് ശ്രീനാരായണഗുരുവിന്റേത്.

അവനിവനെന്നറിയുന്നതൊക്കെയോർത്താ
ലവനിയിലാദിമമായൊരാത്മരൂപം
അവനവനാത്മസുഖത്തിനാചരിക്കു—
ന്നവയപരന്നു സുഖത്തിനായ് വരേണം'

അവനെന്നും ഇവനെന്നുമൊക്കെ മനുഷ്യൻ വേർതിരിക്കപ്പെടുന്നുണ്ടെങ്കിലും സത്യസ്ഥിതി മനസ്സിലാക്കിയാൽ സകലരും പരമാത്മാവിന്റെ വിവിധ ഭാവരൂപങ്ങളാണെന്നു കാണാം. അതുകൊണ്ട് ഓരോരുത്തരും അവരവരുടെ സുഖത്തിനായി ചെയ്യുന്ന എല്ലാപ്രവർത്തികളും അന്യർക്കു കൂടി സുഖം പകരുന്നതായിരിക്കണം. എത്രയോ ഉദാത്തമായിരിക്കുന്ന സാഹോദര്യത്തെക്കുറിച്ചാണ് ഗുരു പറഞ്ഞുതരുന്നത്!.

ജാതിയും മതവും സമുദായവും മനുഷ്യനെ പ്രത്യേകം പ്രത്യേകം വൃത്തങ്ങളിൽ നിറുത്തിയിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ സാഹോദര്യവും സ്നേഹവും കുട്ടികളിൽ പകർത്തണം. അതിനായി ശ്രീനാരായണ ഗുരുവിന്റെ ജീവിത ചരിത്രം പഠിപ്പിക്കണം. പള്ളിക്കൂടങ്ങളിലും കോളേജുകളിലും ഗുരുദേവ കൃതികൾ പാഠ്യവിഷയമാക്കണം. ഇക്കാര്യം ബന്ധപ്പെട്ട വിദ്യാഭ്യാസവിചക്ഷണന്മാരും സർക്കാരും ശ്രദ്ധിച്ചാൽ വരുംതലമുറയിലെങ്കിലും ആശങ്കയ്ക്കു വക ലഭിച്ചേക്കും.

# അവനവനാത്മസുഖത്തിനാചരിക്കുന്നവയപരനു സുഖത്തിനായ് വരേണം

പി. ഉദയഭാനു

ഒരു വ്യക്തി തന്റെ സുഖാനുഭൂതിക്കായി ചെയ്യുന്ന കർമ്മം അന്യന്റെ സുഖത്തെക്കൂടി ഉദ്ദേശിച്ചുള്ളതാകണം എന്ന് ശ്രീനാരായണഗുരുദേവൻ ആത്മോപദേശശതകത്തിൽക്കൂടി അരുളി ചെയ്യുന്നു.

എന്തുകൊണ്ട് അങ്ങനെയാവണം?

ഈ പ്രപഞ്ചജീവികളെല്ലാംതന്നെ മായയുടെ അഥവാ അവിദ്യയുടെ പ്രവർത്തനത്താൽ ഞാൻ, നീ, അവൾ, അവൻ എന്നിങ്ങനെ പലതായിക്കാണുന്നു. എന്നാൽ സത്യാവസ്ഥ അന്വേഷിച്ചറിഞ്ഞാൽ എല്ലാം പ്രപഞ്ചത്തിന്റെ ആദികാരണമായിരിക്കുന്ന പരമാത്മാവുതന്നെയാണ് എന്നു മനസിലാകും. ഞാനും നീയും അവളും അവനും എല്ലാം ആ പരമാത്മാവുതന്നെയാണ് എന്ന സത്യം മനസിലാക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. ആയിരുന്നു എങ്കിൽ ലോകം മുഴുവനും അടക്കി ഭരിക്കാൻ മനുഷ്യൻ വെമ്പില്ലായിരുന്നു. സ്വകാര്യലബ്ധിക്കായി ആയിരങ്ങളെ കൊലചെയ്യുകയില്ലായിരുന്നു.

ഗുരുദേവ കൃതികളിലേക്ക് ഗഹനമായി വീക്ഷിക്കുന്നവർക്ക് ഈ പ്രപഞ്ചസത്യം വെളിപ്പെടുന്നതാണ്, മനസ്സും ഇന്ദ്രീയസമൂഹവും ഈ പ്രപഞ്ചവും എല്ലാംതന്നെ പരമാത്മാവിന്റെ ദിവ്യരൂപം മാത്രമാണ്. ഇന്ദ്രീയങ്ങൾക്കപ്പുറമാണ് മനസ്സ്. മനസ്സിനും അപ്പുറം ബുദ്ധി. ബുദ്ധിക്കും അപ്പുറത്താണ് പരമാത്മാവ്. അപ്പുറം എന്നു പറയുമ്പോൾ മറുവശത്ത് എന്നല്ല അർഥമാക്കുന്നത്, ഉന്നതമായ ഒരു തലത്തിൽ എന്നാണു മനസ്സിലാക്കേണ്ടത്. മനസ്സിന്റെ ചാപല്യങ്ങളെയും കടിഞ്ഞാണില്ലാതെ ചാഞ്ചാടുന്ന ബുദ്ധിയേയും നിയന്ത്രിച്ചാൽ മാത്രമെ പരമാത്മാവിനെ മനസിലാക്കാൻ സാധിക്കു എന്നാണതിനർഥം.

ഒളിമുതലാം പഴമഞ്ചു മുണ്ടുനാറും
നളികയിലേറി നയേനമാറിയാടും
കിളികളെയഞ്ചു മരിഞ്ഞുകീഴ്മറിക്കും
വെളിവുരുവേന്തിയകം വിളങ്ങിടേണം.

(ആത്മോപദേശശതകം 8)

എന്നാണ് ഗുരുദേവൻ അരുളി ചെയ്യുന്നത്.

ചെവി, തൊലി, കണ്ണ്, മൂക്ക്, നാക്ക് മുതലായ പഞ്ചേന്ദ്രീയങ്ങളെ കീഴടക്കണം. മാംസം, അസ്ഥി, മജ്ജ, രക്തം, ശുക്ലം, മേദസ്സ്, രസം എന്നീ മലങ്ങളാൽ നിർമ്മിതമാണ് ശരീരം. ഇവകളാൽ നിയന്ത്രിക്കപ്പെടുന്ന ഇന്ദ്രീയങ്ങളുടെ ആഗ്രഹങ്ങളാണ് മനുഷ്യന്റെ ആഗ്രഹങ്ങൾ. കാമക്രോധാദികൾക്ക് കാരണവും അവയാണ്. ഈ ആഗ്രഹങ്ങളെ ഇല്ലാതാക്കുക-അപ്പോൾ മാത്രമാണ് ഇന്ദ്രീയങ്ങളെ നിയന്ത്രിക്കുവാൻ-അവയെ സ്വാധീനിക്കുവാൻ കഴിയുക. അങ്ങനെ സ്വാധീനിച്ചാൽ മാത്രമെ പരമാത്മസത്യം മനസിലാക്കാൻ സാധിക്കയുള്ളു.

കീഴടക്കപ്പെട്ട ഇന്ദ്രീയങ്ങളോടുകൂടിയവർക്കെ മാനസികമായി വിജയം ഉണ്ടാകുകയുള്ളു. അങ്ങനെ വിജയത്തോടുകൂടി കർമ്മരംഗത്തിറങ്ങുന്നവന്റെ മനസ്സ് പ്രസന്നമായിരിക്കും. ആ പ്രസന്നതയാണ് പരമാത്മാവെന്ന സത്യാനുഭവത്തിന്റെ തുടക്കം എന്നാണ് ഗീതയിൽ പറയുന്നത്. (ഗീത 2-64)

പ്രാണശക്തിയുടെ അഥവാ മനുഷ്യാത്മാവിന്റെ വളച്ച് സത്യാന്വേഷിയായ മനുഷ്യന്റെ വളർച്ചയിൽ പലേ ഘട്ടങ്ങളും ഉണ്ടാകും. ഈ വളർച്ചയിൽ അവനുണ്ടാകുന്ന അനുഭൂതിദശകൾ പലതാണ്. ഈ വികാസത്തിന്റെ പരമകാഷ്ഠയിലെത്തുമ്പോൾ ഞാൻ എന്ന അഹംബോധമുണ്ടാകുന്നു. ഈ ബോധമാണ് എല്ലാം ഞാൻ അഥവാ എല്ലാവരിലും കുടികൊള്ളുന്ന ആത്മാവും, എന്റെ ആത്മാവും ഒരേ പരമാത്മാവിന്റെതന്നെ ഭാഗമാണ് എന്ന് അവനു മനസിലാക്കികൊടുക്കുന്നത്. ഈ ദശയെ സാഖ്യതത്വജ്ഞാനികൾ 'മഹാതത്ത്വ'മെന്നും ഉപനിഷത്ത് 'മഹാൻ ആത്മ' എന്നും പറഞ്ഞു വരുന്നു. സത്വബുദ്ധി. പ്രജാപതി എന്നൊക്കെയും പ്രാചീന ഭാരതീയജ്ഞാനികൾ ഇതിനെ വിളിച്ചിരുന്നു. ഗുരുദേവൻ ഇതിനെ കേവലത്തിൽ മഹിമ എന്നാണ് വിശേഷിപ്പിക്കുന്നത് (ആത്മോപദേശശതകം-13)

എന്താണ് ജീവാത്മാവിന്റെ വികാസപരിണാമം? സ്വരൂപമെന്താണ്?

കഠോപനിഷത്തിൽ ഇങ്ങനെയാണിതിനെപ്പററിപ്പറയുന്നത്. ഇന്ദ്രീയങ്ങൾക്കുപരിയായി അർഥങ്ങളും ശബ്ദസ്പർശരൂപരസഗന്ധങ്ങളായ ഭൂതതന്മാത്രകളും സ്ഥിതിചെയ്യുന്നു.

ഈ അർഥങ്ങളെ ഉൾക്കൊണ്ട് സുഖദു:ഖങ്ങളിൾ മുഴുകുന്ന മനസ്സ്, ആ സുഖദു:ഖങ്ങളിൽ വിരക്തിവന്ന് സങ്കല്പങ്ങളെ ഈശ്വരോന്മുഖമാക്കിയാൽ പ്രസാദമയമായ ബുദ്ധിവെളിപ്പെടും. ആ ബുദ്ധിയെ സാധനകളുടെ സഹായത്തോടെ സമന്വയിപ്പിച്ചാൽ സാക്ഷാത്കാരദശ ഉളവാകുന്നു. ഇതുതന്നെയാണ് ഗുരുദേവൻ പറയുന്ന കേവലത്തിൽ മഹിമ. ഇതിനെ താണ്ടിയാൽ അതിഗംഭീരമായ ഒരു ശൂന്യതയുടെ അനുഭവം ഉണ്ടാകും. പരമാത്മാവ് പ്രകൃതിയുടെ മൂടുപടമണിഞ്ഞ് മറഞ്ഞ് നിൽക്കുന്ന ഒരവസ്ഥയാണിത്. ഈ അവസ്ഥയാണ് ഈശ്വരൻ എന്ന് വേദാന്തികൾ പറയുന്നു. ഈ ശൂന്യതയെ തരണം ചെയ്യുമ്പോഴാണ് ഈശ്വരനെ മനസിലാകുക.

ഈശ്വരനും ഈശ്വരനിൽനിന്നും ഉദിക്കുന്ന മായാശക്തിയും ചേർന്നാണ് സൃഷ്ടികൾ നടത്തുക. സൂര്യ

ന്റെ ചൂടു തട്ടി വെള്ളം ആവിയാകുന്നു. ഉദിച്ചുയർന്നു നിൽക്കുന്ന സൂര്യന്റെ പ്രതിബിംബം വെള്ളത്തിൽ കാണുന്നു. എന്നാൽ വെള്ളം ആവിയായി വററിക്കഴിഞ്ഞാൽ പ്രതിബിംബം ഇല്ലാതെയാകും. മററൊരു വിധത്തിൽ പറഞ്ഞാൽ സൂര്യനായ പരമാത്മാവും ജലമായ മായയും ചേർന്നു നിരാവിയുടെ സൃഷ്ടി നടത്തുന്നു. ജലത്തിൽ കാണുന്ന സൂര്യന്റെ പ്രതിബിംബവും അതുപോലെയുള്ള ഒരു സൃഷ്ടിയാണ്. വെള്ളം വററിക്കഴിഞ്ഞാൽ പ്രതിബിംബം സൂര്യനിൽ ലയിക്കുന്നു. ഇതേപോലെ മനുഷ്യാത്മാവും പരമാത്മാവിൽ ലയിക്കുന്നു. സൂര്യനും വെള്ളവും ചേർന്ന് എങ്ങനെ പ്രതിബിംബത്തെ സൃഷ്ടിക്കുന്നുവോ അതുപോലെ ഈശ്വരനും മായയും ചേർന്നാണ് സകല ജീവികളെയും സൃഷ്ടിക്കുന്നത്. അന്ത്യത്തിൽ അവയും പരമാത്മാവിൽ ലയിക്കുന്നു. സകലത്തിന്റെയും ആദിയും അന്ത്യവും ഇങ്ങനെതന്നെ.

അങ്ങനെ നോക്കുമ്പോൾ എല്ലാവരും ഒന്നുതന്നെ. തമ്മിൽ വ്യത്യാസം ഇല്ല. അതാണല്ലോ ഗുരുദേവൻ ദൈവദശകത്തിൽ

ദൈവമേ കാത്തുകൊൾകങ്ങ്
കൈവിടാതിങ്ങു ഞങ്ങളെ

എന്നു പറയുന്നത്. ഇവിടെ 'ഞങ്ങൾ' എന്നാൽ ആരാണ്? ചിലർ ധരിച്ചിരിക്കുംപോലെ ഇത് ഈഴവരെമാത്രം ഉദ്ദേശിച്ചല്ല ഗുരുദേവൻ പറയുന്നത്. ഹിന്ദുക്കളെയോ ഭാരതീയരേയോ മാത്രം ഉദ്ദേശിച്ചും അല്ല. പിന്നെയോ ചരിത്രാതീതകാലം മുതൽക്ക്- ലോകത്തിലെ അറിയപ്പെടുന്ന സംസ്കാരങ്ങളിലെ ആദിമമായ ഭാരതീയ സംസ്കാരത്തിന്റെ തുടക്കം മുതലെ സ്വാർത്ഥതയുടെ കണികപോലും കാട്ടാതെ ഭാരതത്തിൽ പരക്കെ ഉപയോഗിക്കപ്പെട്ടിരുന്ന 'ലോകാ: സമസ്താഃ സുഖിനോ ഭവന്തു' എന്ന മന്ത്രത്തിലടങ്ങിയിരിക്കുന്ന ലോകത്തെ സമസ്ത ജീവികളെയും ഉദ്ദേശിച്ചുള്ളതാണ് ഈ 'ഞങ്ങളെ' എന്ന പദം. അപേക്ഷിക്കുന്നതോ വിഷ്ണുവിനോടോ ശിവനോടോ കർത്താവിനോടോ അള്ളാഹുവിനോടോ അല്ല. മറിച്ച് ഈശ്വരനോടാണ്. എല്ലാത്തിനും കാരണമായ എല്ലാത്തിന്റെയും ഉള്ളിൽ വിളങ്ങുന്ന പരമാത്മാവിനോട്, ഈശ്വരൻ ഒന്നേയുള്ളൂ എന്നാണ് ഗുരുദേവൻ ഇവിടെ സൂചിപ്പിക്കുന്നത്.

മനുഷ്യരെല്ലാം ഒന്നുതന്നെയെങ്കിൽ എന്തുകൊണ്ടാണീ ഭേദചിന്ത? ഈ ഭേദചിന്തയുടെ കാരണമാണ് അവിദ്യ. അവിദ്യ കാരണമാണ് നാം പലരാണ് എന്നു മനുഷ്യൻ ചിന്തിക്കുന്നത്, ആ ചിന്തയാണ് ലോകത്തിൽ കാണുന്ന സകലവിധ പ്രയാസങ്ങൾക്കും കിടമാത്സര്യങ്ങൾക്കും കാരണം. മനുഷ്യരാശിയെല്ലാം തന്നെ ഒരേ ബ്രഹ്മവസ്തുവാണ് എന്ന സത്യം വിചാരം ചെയ്തുറപ്പിക്കുക. അങ്ങനെ ചെയ്തു കഴിഞ്ഞാൽ മനുഷ്യന്റെ ഭേദചിന്ത ഇല്ലാതെയാകും, ലോകാചാര്യന്മാരെല്ലാം ഇതുതന്നെയാണ് മനുഷ്യരാശിക്കു കാട്ടികൊടുത്തതും. എന്നാൽ തുടർന്നു വന്ന നേതൃത്വ പരമ്പരകൾ ആ മഹാചാര്യന്മാരുടെ ദർശനങ്ങളെ തങ്ങളുടെ സ്വകാര്യ സാദ്ധ്യത്തിനുവേണ്ടി ഉപയോഗിക്കുകയാണുണ്ടായത്. ആത്മവിദ്യ പറഞ്ഞു കൊടുത്തിട്ടും അവർ അവിദ്യയാണു സ്വീകരിച്ചത്. ആത്മവിദ്യ മറഞ്ഞ് അവിദ്യ വളരുന്നതിനനുസരിച്ച് മമതാബന്ധങ്ങളും രാഗദ്വേഷ ഭാവങ്ങളും മദമാത്സര്യങ്ങളും വളരുന്നു.

ഇരുമ്പുകൊണ്ടു നിർമ്മിച്ച പൂട്ടും താക്കോലും വെട്ടുകത്തിയും കറിക്കത്തിയും പലതായിട്ടാണ് ദൃഷ്ടിയിൽ പെടുക. എന്നാൽ ഇവയെല്ലാം ഇരുമ്പെന്ന ലോഹത്തിന്റെ വിവിധ നാമരൂപങ്ങൾ മാത്രമാണ് എന്ന വാസ്തവം അല്പം ആലോചിച്ചാൽ ആർക്കും മനസിലാക്കാം. ഇതുപോലെതന്നെയാണ് മനുഷ്യരും. ജനാർദ്ദനൻ, യോഹന്നാൻ, മുഹമ്മദ് എന്നുള്ള നാമരൂപങ്ങളെത്തള്ളിക്കളഞ്ഞിട്ട് അവരിലെല്ലാം തുല്യശക്തിയിൽ വിളങ്ങുന്ന വസ്തുവായ പരമാത്മാവിനെക്കാണാൻ സാധിച്ചാൽ ഭേദചിന്തയില്ലാതെയാകും. അപ്പോൾ

അവനവനാത്മ സുഖത്തിനാചരിക്കു-
ന്നവയപരനു സുഖത്തിനായിവരുത്തുവാനും മനുഷ്യനു സാധിക്കും.

ഒരുവനു നല്ലതു മന്യനല്ലലും ചേ-
ർപ്പൊരു തൊഴിലാത്മ വിരോധിയോർത്തിടേണം;
പരനുപരം പരിതാപമേകിടുന്നോ-
രെരിനരകാബ്ധിയിൽ വീണെരിഞ്ഞിടുന്നു.

(ആത്മോപദേശശതകം-25)

എല്ലാവരുടെയും സ്വരൂപമായ ആത്മാവ് ഒന്നാണ്. ആയതിനാൽ ഒരാളിനു നല്ലതും മററൊരാളിനു നാശവും വരുന്ന രീതിയിൽ പ്രവർത്തിക്കരുത് എന്നതു മനസ്സിലാക്കണം. അന്യനു ദുഃഖമുണ്ടാക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നവർ പിന്നീടു കഷ്ടതയനുഭവിക്കേണ്ടതായിവരും എന്നതാണ് ഗുരുദേവൻ ഈ പദ്യത്തിൽക്കൂടി ഉത്ഘോഷിക്കുന്നത്.

''അജ്ഞാനേനാ വൃതം ജ്ഞാനം
തേനമുഹ്യന്തി ജന്തവ: (ഗീത 5-15)

എന്നാണ് ഭഗവാൻ ശ്രീകൃഷ്ണൻ പറയുന്നത്. സ്വരൂപവിസ്മൃതിയാണ് അജ്ഞാനം. ആ അജ്ഞാനം അറിവിനെ മൂടിയിരിക്കുമ്പോൾ ജീവജാലങ്ങൾ സംസാരസമുദ്രത്തിൽ മോഹമുഗ്ദ്ധരായിരിക്കും. അതിൽനിന്നും രക്ഷനേടുവാൻ എല്ലാം പരമാത്മാവിൽനിന്നും ഉണ്ടായി എന്നും ആയതിനാൽ എല്ലാവരും അന്തസത്തയിൽ ഒന്നു തന്നെയെന്നും മനസിലാക്കണം.

'മനമലർ കൊയ്തു മഹേശപൂജചെയ്യും
മനുജനു മററൊരുവേല ചെയ്തിടേണ്ടാ.'

(ആത്മോപദേശശതകം-29)

മനുഷ്യന്റെ ഭേദചിന്തയകററാൻ ഗുരുദേവൻ അരുളുന്ന പ്രതിവിധിയാണ് മുകളിലുദ്ധരിച്ചിരിക്കുന്നത്. മനസാകുന്ന പുഷ്പം കൊയ്തെടുത്ത് ഈശ്വരപൂജ ചെയ്യുന്നയാൾക്ക് മോക്ഷത്തിനു അഥവാ ആത്മീയ ശാന്തിക്ക് മറെറാന്നും ചെയ്യേണ്ടാ എന്നാണ് ഗുരുദേവൻ അരുളുന്നത്. മുകളിൽ വിവരിച്ചതുപോലെ എല്ലാവരും പരമാത്മാവിന്റെതന്നെ ഭാഗമാണെന്നുള്ള സത്യാവസ്ഥ മനസിലാക്കുമ്പോൾ സങ്കല്പങ്ങളായ ഭിന്നവിചാരങ്ങളും കാമക്രോധാദികളും മാറി, അഹിംസ, സ്നേഹം മുതലായവസ്തു ശക്തികൂടും. ഞാൻ, എന്റേത് എന്ന ചിന്ത ഒഴിഞ്ഞ്, എല്ലാം ഞാൻ തന്നെ എന്ന കേവല ബോധാനുഭവം ഉണ്ടാകുന്നു. ഇതിനെ നിഷ്കല്പയോഗം എന്നു പറയുന്നു. ഇതുതന്നെയെന്നു പറയാം ഗുരുദേവൻ ഇവിടെപ്പറയുന്ന മഹേശപൂജയും.

ലാഭനഷ്ട ജയാപരാജയങ്ങളെ ചിന്തിച്ച് സന്തോഷിക്കയും സന്താപിക്കയും ചെയ്യാതെ ഇതെല്ലാം സംഭവിക്കുമെന്നും എന്നാൽ സത്യം ഒന്നേയുള്ളൂ എന്നും ചിന്തിച്ച് മനസിന്റെ സമനില തെററാതെ മുന്നോട്ടുപോകുക. അതും മഹേശപൂജയാണ്. ഈ മഹേശപൂജചെയ്യുന്നവർക്ക് മററു പൂജയുടെ ആവശ്യമില്ല. ഈ മഹേശപൂജയിൽകൂടി ആത്മസത്തയെ മനസിലാക്കുന്നവർ ഭേദചിന്തയെ വെടിഞ്ഞ് അവനവനാത്മസുഖത്തിനായി ചെയ്യുന്നവ അപരന്റെകൂടി സുഖത്തിനു വേണ്ടതായിരിക്കും. എന്നാൽ നാമരൂപങ്ങൾക്ക് പ്രാധാന്യം നൽകി വിഷയസുഖങ്ങളിൽ മുഴുകുന്നവരോ മനുഷ്യനെ പലരായിക്കാണുന്നു. എല്ലാവരിലും ഏകത്വം ദർശിക്കുന്നവർ ആനന്ദതുന്ദിലരാണ്- അവർ തന്റെ പ്രവർത്തികൾകൊണ്ട് മററുള്ളവർക്കും ആത്മസംതൃപ്തി ഉണ്ടാക്കിക്കൊടുക്കുന്നു. മനുഷ്യാത്മാവിന്റെ ഏകത്വം മനസിലാക്കാൻ സാധിച്ചു കഴിഞ്ഞാൽ അവൻ ബ്രാഹ്മണനായാലും പറയനായാലും സമദർശിയായിരിക്കും എന്നാണ് ഭഗവത്ഗീത പറയുന്നത്. (ഗീത 5-18)

ഇങ്ങനെ സമദർശിയാകുന്നവർക്കുമാത്രമെ ശാന്തിയും ആനന്ദവും ഉണ്ടാകൂ. അവർക്കേ എല്ലാവരെയും ഒന്നായിക്കാണുവാൻ സാധിക്കുകയുള്ളൂ. എല്ലാവരും ശാന്തിയും സുഖവുമാണന്വേഷിക്കുന്നത്. മാർഗ്ഗങ്ങളിൽ ചിലതു് ശരിയും ചിലതു തെററുമാണെന്നുമാത്രം. എല്ലാവരും ഈ സത്യത്തെ അഥവാ ദൈവത്തെത്തന്നെയാണന്വേഷിക്കുന്നത്. അതുകൊണ്ടാണ് ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനനോട് പറയുന്നത്

മമ വർത്മാനുവർത്തന്തേ
മനുഷ്യ: പാർത്ഥസർവശ: (ഗീത 4-11)

അർജ്ജുനാ, സകലരും എന്നെ ലക്ഷ്യമാക്കിത്തന്നെയാണ് ചരിക്കുന്നതു് എന്ന്. ഇതുതന്നെയാണ് ജനനീനവരത്നമഞ്ജരിയിലെ എല്ലാവരും തിരയുന്ന ഉല്ലാഘബോധ ജനനിയും. എന്നാൽ ഈ ജനനിയെ ആദ്യം തേടേണ്ടതു, അവരവരുടെ ഹൃദയത്തിനുള്ളിൽ തന്നെയെന്നുള്ള വാസ്തവം പലരും മറക്കുന്നു. വസ്തുപ്രതിഭാസങ്ങൾക്കു പിന്നാലെ പോകുന്ന പ്രജ്ഞയെ നിയന്ത്രിച്ച് സത്യത്തോടടുപ്പിക്കുക പരമാത്മസത്യം മനസിലാക്കുക അതാണ് മനുഷ്യജീവിത ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ട വിദ്യാശക്തിയും 'ജനനീനവരത്നമഞ്ജരി'യിലെ 'ജനനി'തന്നെയാണ്. ആ 'ജനനി'യുടെ കടാക്ഷമുണ്ടാകുമ്പോൾ മനുഷ്യൻ പരമാത്മസത്യത്തെ അറിയും അപ്പോൾ അവനവനാത്മസുഖത്തിനാചരിക്കുന്നയപരനും സുഖത്തിനായ് വരും.

ശാഖോപശാഖകളുമായി ഇലയും പൂവും കായും പഴവുമായി നിൽക്കുന്ന ഒരു മരത്തിൽ പല വൈവിദ്ധ്യങ്ങളും കാണാം. എന്നാൽ ഈ വൈവിദ്ധ്യങ്ങളെല്ലാം ഉൾക്കൊള്ളുന്ന ആ മരത്തിന്നാധാരമായതു് അതു് മുളച്ചുണ്ടായ വിത്തിലെ ഒരു ചെറിയ തരിയിൽ ഒതുങ്ങിനിന്നു എന്നുള്ളതാണ് വാസ്തവം. അതുപോലെ ഈ ലോകത്തു കാണുന്ന സകലതും ഇതിന്റെയെല്ലാം പരമകാരണമായ ബോധവസ്തുവിൽനിന്നും അഥവാ പരമാത്മാവിൽനിന്നും തെളിഞ്ഞു വന്നതാണെന്നതാണ് പരമാർത്ഥം. അതാണ് ഗുരുദേവൻ തന്റെ അധ്യാരോപദർശനത്തിലെ (ദർശനമലയിൽ) പത്താം ശ്ലോകത്തിൽ പറയുന്നതു്.

ധാനാദിവ വടോ യസ്മാത്
പ്രാദുരാസീദിദം ജഗത്
സബ്രഹ്മാസശിവോ വിഷ്ണു:
സ പര: സർവ്വ ഏവ സ:

ഇതേ സത്യംതന്നെ ഛന്ദോഗ്യോപനിഷത്തിൽ ഉദ്ദാലകമഹർഷി മകനായ ശ്വേതകേതുവിനു പറഞ്ഞു കൊടുക്കുന്നതായിക്കാണുന്നുണ്ട്.

പരുക്കത്തിൽ എല്ലാം ഒന്നുതന്നെ. ഒരേ ഭൂണത്തിൽ നിന്നും പൊട്ടി വിടർന്നു കിളിർത്തവ. എല്ലാം ആ അദ്ധ്യാത്മസത്തയുടെ ഭാഗങ്ങൾമാത്രം. അതായതു് ഞാനും നീയും അവളും അവനും എല്ലാം ഒന്നുതന്നെ. അതുകൊണ്ട്

അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരനു സുഖത്തിനായ് വരേണം.

# ശ്രീനാരായണഗുരുവിന്റെ കാവ്യപ്രപഞ്ചം

ഡോ: എസ്സ്. കെ. നായർ

'നാനൃഷിഃ കവി' എന്നൊരു ചൊല്ലുണ്ട്. ഋഷി അല്ലാത്തവൻ കവിയല്ല. ഇംഗ്ലീഷിൽ സ്വീ സംസ്കൃതത്തിൽ ദാർശനികൻ എന്നെല്ലാമാണ് ഋഷിശബ്ദത്തിന് അർത്ഥം. കവിശബ്ദത്തിനും അതുതന്നെ പൊരുൾ. ക്രാന്തദർശിയാണ് കവി; കടന്ന് കാണുവാൻ. നാമെല്ലാം ഈ പ്രപഞ്ചത്തെ കാണുകമാത്രം ചെയ്യുമ്പോൾ അനുഗൃഹീതരായ ചിലർ അതിനെ കടന്നു കാണുന്നു—അതിക്രമിച്ച കാണുന്നു, നോക്കിക്കാണുന്നു. നാം കാണാത്തതെല്ലാം അവർ കാണുന്നു. അവരാണ് ഋഷികൾ, കവികൾ—യോഗികളായ കവികൾ.

വാല്മീകിയും വ്യാസനും, അതേ നമ്മുടെ ആദികവിയും അനന്തരകവിയും അപ്രകാരമുള്ള ഋഷികളായിരുന്നു. ഋഷികളായതിനുശേഷമാണവർ കവികളായത്.

എന്താണ് മറ്റു ഋഷികളും അഥവാ യോഗികളും സാധാരണ കവികളും തമ്മിലുള്ള അന്തരം! കവികളല്ലാത്ത ഋഷികളുണ്ട്. പക്ഷേ, ഋഷികളല്ലാത്ത കവികൾ ഉണ്ടാക വയ്യ. ഇതൊരു അവിതർക്കിത വസ്തുതയാണ്. യോഗികൾ സ്വാത്ഥപരരാകുമ്പോൾ കവികളല്ലാതാവും, വിശദീകരിക്കാം. യോഗികൾ കണ്ടതും അനുഭവിച്ചതും അവരിൽത്തന്നെ നിലീനമാകുമ്പോൾ' അങ്ങനെ അവർ ആത്മാരാമന്മാരാകുമ്പോൾ, അവരനുഭവിച്ച പരമാനന്ദവും അതിനുപായമായ ജ്ഞാനവിജ്ഞാനങ്ങളും അവയ്ക്ക് ആലംബഭൂതങ്ങളായ ജീവിത നിരീക്ഷണവും, അങ്ങനെ എല്ലാമെല്ലാം, അവരിൽത്തന്നെ ലയിച്ചുചേരുമ്പോൾ, അതൊരുതരം ക്രൂരമായ സ്വാർത്ഥതയാവില്ലേ? ലോകത്തിലുണ്ടായിട്ടുള്ള അനേകം ആത്മാരാമന്മാരായ യോഗികളും അവധൂതന്മാരും അങ്ങനെ വൈയക്തിക താൽപര്യത്തെ മാത്രം ലക്ഷ്യീകരിച്ചവരാണ്. അതിന് അപവാദമായാണ് ആദികവിയായ വാല്മീകിയും അനന്തരകവികളായ വ്യാസനും ശ്രീശങ്കരനും ശ്രീനാരായണനും അവതരിച്ചതും ലോകത്തെ എന്നുമെന്നും അനുഗ്രഹിച്ച് വിലസുന്നതും.

അതെ, അതറിഞ്ഞുകൊണ്ടുതന്നെയാണ് ആ മഹത്തായ പാരമ്പര്യം ഇങ്ങനെ പറഞ്ഞുവെച്ചത്— മഹർഷികളായ കവിവര്യന്മാരുടെ മഹനീയ പാരമ്പര്യ ശൃംഖല വാല്മീകിയിൽനിന്ന് ഈ ഇരുപതാം ശതകത്തിൽ കേരളീയനായ ശ്രീനാരായണനിൽ വന്നവസാനിക്കുന്നു. ഭാരതത്തിന്റെ നാനാദേശങ്ങളിലായി, നാനാഭാഷകളിലായി ഈ പരമ്പര പല ശതകങ്ങളിലും ഉദിച്ചുയർന്നിട്ടുണ്ട്. അവരിൽ പലരും ഭക്തകവികളായും, പ്രകൃതി, പ്രേമം എന്നീ പ്രതീകങ്ങൾ ഉപയോഗിച്ചുള്ള മിസ്റ്റിക് കവികളായും തരംതിരിഞ്ഞിട്ടുമുണ്ട്.

പക്ഷേ, ശ്രീനാരായണൻ ആ വകുപ്പിലൊന്നും പെടുന്നില്ല. അദ്വൈതദാർശനികനായ ആ മഹായോഗിക്ക് ഒരേ ഒരു പൂർവ്വികനേ ഉള്ളൂ; ഒരേ ഒരു ആചാര്യനേ ഉള്ളൂ—സാക്ഷാൽ ശ്രീശങ്കരൻ. കാവ്യപഥത്തിലും ദാർശനികപഥത്തിലും ഇവരിരുവരും സമശീർഷരും സർവസമാരാദ്ധ്യരും ആയാണ് വർത്തിക്കുന്നത്. ഇരുവരെയും കവികളായല്ലാ, ദാർശനികരും യോഗികളുമായാണ് ലോകം അറിയുന്നത്. പക്ഷേ, അവർ എഴുതിയിട്ടുള്ള യോഗാത്മക കവിതകൾക്ക് ഒട്ടേറെ സാധർമ്മ്യം കാണുന്നുണ്ട്. കവിത്വത്തിന്റെ സ്വതേയുള്ള മാധുര്യത്തിനു പുറമെ കടുത്ത വേദാന്തവും, അദ്വൈതസിദ്ധാന്തവും അത്യന്തലളിതമായി പ്രകാശിപ്പിക്കുമ്പോൾ, അതിലന്തർലീനമായ നർമ്മബോധം നമ്മെ അനായാസാസ്വാദനത്തിന്റെ ലഹരിയിൽ ചാഞ്ചാടിക്കുന്നു. 'ഡുകൃഞ്കരണേ' എന്ന പാണിനീയ സൂത്രംകൊണ്ട്, വ്യാകരണകാര്യംകൊണ്ട്, അതെ, ശാസ്ത്രപാണ്ഡിത്യംകൊണ്ട് എന്താണൊരു പ്രയോജനം മരണവേളയിൽ' എന്നു ചോദിക്കുന്ന ശ്രീശങ്കരന്റെ, നേരെ അനന്തരവനാണ് ശ്രീനാരായണനെന്ന് ഇനിയങ്ങോട്ട് ഉദാഹരിക്കുന്ന കവിതകളിൽ തെളിഞ്ഞും ഒളിഞ്ഞും കാണുന്ന പരിഹാസഫലിതങ്ങൾ സ്പഷ്ടമാകും. സ്വതേ, സ്വാമികൾ ഫലിതത്തിലൂടെയാണ് ഏവരേയും ജീവിതദർശനം പഠിപ്പിച്ചിരുന്നത് എന്നും ഓർക്കണം. 'മരിച്ചവരെ ചുടണമോ കുഴിച്ചിടണമോ' എന്നൊരാൾ സംശയം ചോദിച്ചപ്പോൾ, 'ചക്കിലിട്ട് ആട്ടി വളമാക്കണം' എന്നു പറഞ്ഞ ഗുരുദേവൻ കേവലം ഒരു ഫലിതം പറയുകമാത്രമല്ലാ ചെയ്തത്. ഭൗതികപാരത്രികങ്ങളുടേയും ദേഹദേഹികളുടേയും പരസ്പരബന്ധത്തെപ്പററി രചിക്കാവുന്ന ഒരു മഹാപ്രബന്ധത്തിന്റെ സത്തയെ ലളിതവും നർമ്മമധുരവുമായ ഭാഷയിൽ പ്രകടമാക്കുകയും ആയിരുന്നു.

'കുരുവുകൾപോലെ കറുത്ത മാർവിടത്തിൽ
കരളു പറിപ്പതിനങ്ങു കച്ചകെട്ടി
തരമതു നോക്കി വരുന്നതീ-വിനയ്ക്കി
ന്നൊരുകുറി പോലുമയയ്ക്കൊലാമഹേശാ!'

പച്ചമലയാളത്തിലാണ് ഈ ശ്ലോകം എഴുതിയിരിക്കുന്നത്. പക്ഷേ, കേട്ടാൽ പെട്ടെന്ന് പച്ചമലയാളിക്കും അർത്ഥം പിടികിട്ടില്ല. ഒന്നു വിവരിക്കാം. ആ ശ്ലോകത്തിനകത്ത് ഗുരുദേവൻ തിരുകി വെച്ചിരിക്കുന്ന രസികത്വം കാണിക്കാൻ മാത്രം:—കച്ചകെട്ടി, റവുക്കയിട്ട് എന്നും ഒരുങ്ങിയെന്നും, മനുഷ്യരുടെ കരളുപറിക്കാൻ കച്ചകെട്ടിവരുന്ന ഒരു കൂട്ടരുണ്ട്. കച്ചകെട്ടുന്നവർക്ക് അവരുടെ മാറിടത്തിൽ കുരുക്കൾപോലെ ചിലതു കരുതീട്ടുമുണ്ട്. അവർ മനുഷ്യരെ പാപത്തിലേക്കു വലിച്ചിടാൻ തക്കംനോക്കി ഇരിക്കയാണ്. അല്ലയോ മഹേശാ, ആ പാപത്തിലേക്ക് ഒരു ക്ഷണക്കത്തയക്കാതിരിക്കണേ!

ഇതാ വേറൊന്ന്—

'ഭഗവതിയമ്മ പകുത്തു പാതിവാങ്ങി-
പ്പകുതിമുകുന്ദനു നൽകി മുന്നമേ നീ
ഭഗവതി നിൻ തിരുമേനി തന്നിലിന്നോ-
രഗതിയിരിപ്പതിനാഗ്രഹിച്ചിടുന്നു.'

പരമശിവന്റെ പാതിദേഹം ഭഗവതിയമ്മ, പാർവതി, പകുത്തുവാങ്ങി. മറേറപ്പാതി വിഷ്ണുവും ഭഗവാനായ അങ്ങയുടെ തിരുമേനിയിൽ അഗതിയായ അടിയൻ ഇരിക്കാൻ ആഗ്രഹിക്കുന്നു! എന്തൊരാഗ്രഹമാണ്! ഇടമുണ്ടെങ്കിലല്ലേ ഇരിക്കാനൊക്കൂ. ഇടമില്ലാത്തിടത്ത് കയറിപ്പററാനാണ് ഭക്തന് മുകാതി.

ഗുരുദേവന്റെ ഭക്തിപരവും വേദാന്തപരവുമായ കൃതികൾക്ക് ശങ്കരപാദരുടെ കൃതികളോടു മറെറാരു സാമ്യവുമുണ്ട്. ശങ്കരൻ അദ്വൈതം സ്ഥാപിച്ച മഹാനാണ്. നാരായണ ഗുരു അദ്വൈത സിദ്ധാന്തത്തെ ലളിതലളിതമാക്കി വിശദീകരിച്ച ആചാര്യനുമാണ്. ഇരുവരും ശരിക്കും ആലോചിച്ചാൽ നിർഗ്ഗുണോപാസകരായിപ്പോലും ഇരിക്കാൻ പാടില്ലാത്തവരാണ്. ബ്രഹ്മത്തെ ബ്രഹ്മമായി, ഏകസത്തയായി, അപൗരുഷേയമായി കാണേണ്ടവർ സഗുണോപാസകരെപ്പോലെ ഗണപതി, സരസ്വതി, ദുർഗ്ഗ, സുബ്രഹ്മണ്യൻ, ശിവൻ, വിഷ്ണു എന്നീ ദേവന്മാരെക്കുറിച്ച് കീർത്തനങ്ങൾ രചിക്കുന്നത് എത്രകണ്ട് അനുചിതമാണ്; ദുർഗ്രഹമാണ്! പക്ഷേ, ഏതുപടിയിൽ പെടുന്നവർക്കും സ്വാധീനമാകേണ്ടുന്ന ദൈവോപാസനയ്ക്കുള്ള ഉപായമെന്ന നിലയ്ക്കാണ് അവർ ഇരുവരും ഈ ദേവതാസ്തുതികൾ രചിച്ചിട്ടുള്ളത്. ഈ രഹസ്യം മനസ്സിലാക്കാതെ ശ്രീശങ്കരന്റെ സ്തോത്രങ്ങളുടെ പ്രണേതൃത്വത്തെപ്പററി പലരും ശങ്കാകുലരായിട്ടുണ്ട്. പക്ഷേ, ഗുരുദേവന്റെ കവിതകൾ ആശങ്കയ്ക്കു പരിഹാരമാണ്.

# ശ്രീശങ്കരനും ഗുരുദേവനും

**ജി. വിശ്വനാഥശർമ്മ**

ഭാരതീയദാർശനികന്മാർ ജീവാത്മാവിന്റെ അനശ്വരതയിൽ ഊന്നിക്കൊണ്ടാണ് തങ്ങളുടെ സിദ്ധാന്തങ്ങൾ പൊതുവെ ആവിഷ്കരിച്ചിട്ടുള്ളത്. വിചിത്രതരങ്ങളായ വാസനാസംസ്കാരങ്ങളെ സമാഹരിക്കുവാൻ കേവലമായ ഒരു ജീവിതം മതിയാവുകയില്ലെന്നിരിക്കെ ഒരേ ജീവാത്മാവിനും ജനനമരണ പ്രക്രിയയിലൂടെ ജീവിതാവർത്തനം അനിവാര്യമാണെന്നു വന്നുചേരുന്നു. ഈ തത്വത്തെ ആലംബമാക്കി ചിന്തിക്കുമ്പോൾ ശ്രീശങ്കരന്റെ പുനരവതാരമല്ലേ ശ്രീനാരായണഗുരു എന്നു ചില ചിന്താശീലരെങ്കിലും ശങ്കിക്കുന്നുണ്ടെങ്കിൽ അതിൽ അപാകതയുണ്ടെന്നു പറഞ്ഞുകൂടാ. രണ്ടാചാര്യന്മാരുടേയും ജീവിതവും കൃതികളും നന്നായി പഠിച്ചവരിൽ ഇമ്മാതിരി സാദൃശ്യബോധം അനുക്രമം ദൃഢമൂലമായിത്തീരും എന്നതിൽ പക്ഷാന്തരമില്ല.

ആദ്യമായി ബാഹ്യമായ ചില തെളിവുകൾതന്നെ നമുക്കു പരിശോധിക്കാവുന്നതാണ്. ശ്രീശങ്കരനു ജന്മം നൽകിയ കേരള പുണ്യഭൂമിതന്നെയാണ് ഗുരുദേവനും ജന്മമേകിയത് എന്നതു യാദൃച്ഛികമെന്നു പലരും പറയുമായിരിക്കാം. രണ്ടാചാര്യന്മാരുടേയും ജീവിതവും കൃതികളും ശിവപരമായ ചിന്താധാരയാൽ പരിപൂരിതമാണെന്നു പറയേണ്ടതില്ലല്ലോ. 'ഏകമേ വാദ്വിതീയം' എന്ന മുറയ്ക്ക് ഇരുവരും നിർഗുണ ബ്രഹ്മോപാസകരായിരുന്നു എന്നും ചൂണ്ടിക്കാണിക്കാവുന്നതാണ്. എന്നിരുന്നിട്ടും ഇന്ത്യയിൽ ഏതുഭാഗത്തു ചെന്നാലും പല ക്ഷേത്രങ്ങളും ശങ്കരാചാര്യപ്രതിഷ്ഠയാണെന്ന് നാട്ടുകാർ തറപ്പിച്ചുതന്നെ പറയുന്നതു കേൾക്കാം. അതുപോലെ ബുദ്ധിജീവികളുടെ വിമർശനം വകവെയ്ക്കാതെ ഗുരുദേവനും സാധാരണഭക്തന്മാരുടെ ആരാധനയ്ക്കായി കേരളത്തിൽ ഉടനീളം ക്ഷേത്രങ്ങൾ പണിയിച്ച് പ്രതിഷ്ഠ നടത്തിയില്ലേ? ഉത്തുംഗമായ അദ്വൈതശൃംഗത്തിലായിരുന്നു ഇരുവരുടേയും ദൃഷ്ടി എന്നിരിക്കലും അവർ താഴെ സാമൂഹ്യരംഗത്തു നിരന്തരം പ്രവർത്തിക്കുന്നതിൽ വ്യാപൃതരായിരുന്നു എന്നും കാണാം. നിർഗുണോപാസനത്തിനെന്നപോലെ സഗുണോപാസനത്തിനും ഉതകുന്ന എത്രയെത്ര സ്തോത്രരത്നങ്ങളാണ് ഈ ആചാര്യന്മാർ ഭക്തന്മാർക്കായി കാഴ്ചവെച്ചത്? യോഗവേദാന്തവിജ്ഞാനീയത്തിൽ ആരുമീതെ, ആരു താഴെ എന്നു പറവാനാവാത്തവിധം സമാനശീർഷന്മാരായിരുന്നു ഈ മഹാപുരുഷന്മാർ ഇരുവരും. സർഗ്ഗാത്മകമായ പ്രതിഭാവിലാസത്തിലാകട്ടെ, ആചാര്യപാദങ്ങളോടൊപ്പത്തിനൊപ്പം ഉരുമ്മി നില്ക്കുന്നു ഗുരുദേവൻ. എന്നാൽ, ഈ പൊരുത്തത്തിന്നെതിരായി കവിതാശക്തിയിൽ നാരായണഗുരു ശങ്കരാചാര്യരെപ്പോലും അതിശയിക്കുന്നില്ലേ എന്നതാണ് ഒരു സംശയം. ഒരേസമയം തമിഴ്, സംസ്കൃതം, മലയാളം എന്നീ മൂന്നു ഭാഷകളിലും ദ്രുതകവനമാതൃകയിൽ ആത്മീയ സാഹിത്യ സുരഭിലമായ കവിതകളത്രയും അനായാസ സുന്ദരമായ രീതിയിൽ വിരചിച്ച ഒരു കവി കേരളത്തിൽ വേറെ ഉയിർ കൊണ്ടിട്ടുണ്ടോ? ശൃംഗേരിയിലെ ആദിശങ്കരന്റെ ശാരദാപ്രതിഷ്ഠയ്ക്ക് സദൃശമായ ഒന്നല്ലേ വർക്കല ശിവഗിരിപ്രതിഷ്ഠയും?

കർമ്മമീമാംസകരായ നമ്പൂതിരിമാരുടേയും മറ്റും കഠിനമായ എതിർപ്പിനെ കേരളത്തിൽ ശങ്കരനു അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ ആ സവർണ്ണരുടെ ജാതിഭ്രാന്തിനെ ശ്രീനാരായണനും നേരിടേണ്ടി വന്നു. ആചാര്യരുടെ യുവസഹജമായ പ്രസരിപ്പിനെ അപേക്ഷിച്ച് ഇക്കാര്യത്തിൽ ഗുരുദേവൻ പ്രകടിപ്പിച്ച പരിപക്വതയല്ലേ നമ്മെ ആകർഷിക്കുന്നത്? ഒരുപക്ഷേ, ക്ഷമയും സഹിഷ്ണുതയും ഗുരുദേവ ജീവിതത്തിന് ഒരു ദിവ്യപരിവേഷം അണിയിക്കുന്നതായി തോന്നിപ്പോകും. ശങ്കരഭാഷ്യത്തിൽ ആദ്യന്തം തുളുമ്പിനില്ക്കുന്ന പ്രസാദഗുണത്തോട് കിടനില്ക്കാവുന്ന സാരസ്യപുരസ്കൃതമായ നർമ്മബോധം ഗുരുദേവസംവാദങ്ങളെ ഹൃദ്യതരമാക്കുന്നുണ്ടെന്ന് പ്രമുഖരായ പല ശിഷ്യന്മാരുടേയും അഭിപ്രായം, 'ശിവലിംഗപ്രതിഷ്ഠയ്ക്ക് അർഹത താങ്കൾക്ക് എവിടെനിന്നു കിട്ടി' എന്ന ഉന്നതന്റെ ചോദ്യത്തിന് 'ഞാൻ ഈഴവശിവനെയാണ് പ്രതിഷ്ഠിക്കുന്നത്', എന്ന ഒരേയൊരു ഫലിതത്തിൽത്തന്നെ രസികത്വത്തിന്റെ ആകെത്തുകയല്ലേ കൊടികുത്തി വാഴുന്നത്? ശങ്കരന്റെ യോഗസിദ്ധികളെപ്പോലെ പലതും ഗുരുദേവനും സ്വായത്തമായിരുന്നു എന്നതിലും ആർക്കും വിസംവാദമുണ്ടാവില്ല. ഭഗവത്പാദരുടെ വിവേകചൂഡാമണിയോടൊപ്പം ഒരു പീഠത്തിൽവെച്ചു പൂജിക്കാവുന്ന ഒരേ ഒരു കൃതി ഗുരുവിന്റെ ആത്മോപദേശ ശതകമാണെന്നുകൂടി എടുത്തു പറയേണ്ടതുണ്ട്. സംസ്കൃത കാമധേനുവിൽനിന്ന് വേദാന്ത രസാമൃതം കൈരളീപാത്രത്തിലേയ്ക്ക് ഇത്രയും അയത്നലളിതമായി കറന്നെടുക്കുന്നതിന് ശാസ്ത്രപാണ്ഡിത്യം ഒന്നുമാത്രം മതിയാകുന്നതല്ല. അതിന് യോഗ സാധനാജന്യമായ കവിതാശക്തി കൈമുതലായിട്ടുണ്ടായിരിക്കണം.

ഭാരതമെങ്ങും തലങ്ങും വിലങ്ങുമായി പദയാത്ര നടത്തി ആചാര്യർ അദ്വൈതമതം പ്രചരിപ്പിച്ചു. ശ്രീനാരായണനും വാഹനസൗകര്യമില്ലാതിരുന്ന ആ കാലത്ത് ഊടുവഴിയിലൂടെ നടന്ന് കേരളത്തിലുടനീളം ഭക്തജനങ്ങളുടെ വീടുകളെ പവിത്രീകരിക്കയുണ്ടായി. ശ്രീബുദ്ധദേവന്റെ പേരിൽ വേദബാഹ്യമായി പ്രചരിച്ച ശൂന്യവാദത്തെ ഭാരതഭൂമിയിൽനിന്ന് നിർമ്മാർജ്ജനം ചെയ്യുക എന്നതായിരുന്നു ശങ്കരന്റെ മഹത്തായ കർത്തവ്യം. ഭ്രാന്താലയമായ കേരളത്തെ ആ മാനസികരോഗത്തിൽനിന്ന് വിമുക്തമാക്കുക എന്ന കനപ്പെട്ട ഉത്തരവാദിത്വം ഗുരുദേവനും ഏറ്റെടുത്തു. അന്നത്തെ സാഹചര്യത്തിൽ അന്യമതങ്ങളിലേയ്ക്കു വഴുതിവീണുപോകുമായിരുന്ന സ്വന്ത്യ സമുദായത്തെ സനാതനധർമ്മത്തിൽത്തന്നെ ഉറപ്പിച്ചുനിർത്തിയതിന്റെ പിന്നിൽ ഗുരുദേവന്റെ അജയ്യമായ ഇച്ഛാശക്തിയാണ് പ്രവർത്തിച്ചിട്ടുള്ളത്. അന്ന് ശ്രീനാരായണൻ രംഗത്തുണ്ടായിരുന്നില്ലെങ്കിൽ, ഇന്ന് കേരളത്തിന്റെ ചരിത്രം ഏതുരൂപത്തിലാകുമായിരുന്നു എന്നാലോചിച്ചുനോക്കുക.

ഒരർത്ഥത്തിൽ ശ്രീശങ്കരനേയും വെല്ലുന്ന വിപ്ലവകാരിയല്ലേ ഗുരുദേവൻ? വർഗ്ഗസമരംവഴി കാര്യം നേടുന്നത് എളുപ്പമാകാമെങ്കിലും അത് താൻ ശീലിക്കുന്ന മതപാരമ്പര്യത്തിനിണങ്ങുന്ന ഒന്നല്ലെന്നു അദ്ദേഹം കണ്ടു. വെറുപ്പും മത്സരവും ലക്ഷ്യംനേടുന്നതിൽ കാലവിളംബം വരുത്തുമെന്നത് ആ വിവേകശീലന്റെ സുനിശ്ചിതാഭിപ്രായമായിരുന്നു. സവർണ്ണരോട് ഏറ്റുമുട്ടുകയല്ല, അവർ

ണ്ണരെ സവർണ്ണരാക്കുക എന്ന സൂത്രമാണ് ഗുരു സ്വീകരിച്ചത്. താന്നപ്പെട്ട സമൂഹത്തിന് അന്യരുടെ ദൃഷ്ടിയിൽ ഒരു പതിതാകാരണം മദ്യസമ്പർക്കമാണെന്ന് ഗുരു നേരത്തെ മനസ്സിലാക്കിയിരുന്നു. 'കള്ള് ചെത്തരുത്. വിൽക്കരുത്, കുടിക്കരുത്' എന്ന ധീരധീരമായ ഗുരുവിന്റെ ഉപദേശധ്വനി എല്ലാ ഗൃഹങ്ങളിലും മാറ്റൊലികൊള്ളുകയുണ്ടായി. അതിനെത്തുടർന്ന മത്സ്യമാംസം വെടിഞ്ഞ് സാത്വിക ജീവിതം പുനരാരംഭിക്കുവാനുള്ള ആഹ്വാനവും ഗുരുമുഖത്തുനിന്നും പൊന്തിവന്നു. കഴിഞ്ഞില്ല, സംസ്കൃതവും പൂജാമന്ത്രങ്ങളും പഠിപ്പിച്ച് ഈഴവയുവാക്കളെ ശാന്തിഭാജരായി ഉയർത്തിയതോടെ ഗുരുദേവന്റെ വിപ്ലവക്കൊടി അത്യുന്നതശിഖരത്തിൽ പാറിക്കളിക്കുന്നതായി കാണാം. കേരള ഭരണത്തിൽ ഇതരസമുദായങ്ങളെ അപേക്ഷിച്ച് ഒരു നിർണ്ണായക ശക്തിയായി വളർന്നു വികസിക്കാനുള്ള സാദ്ധ്യത ഇന്ന് ഹിന്ദുജനതയ്ക്ക് കൈവന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണപുരുഷൻ ശ്രീനാരായണനാകുന്നു എന്നു മനസ്സിലാക്കിയാലേ ആ ജീവിതചിത്രം പൂർണ്ണമാകയുള്ളൂ.

ശ്രീശങ്കരനും ഗുരുദേവനും തമ്മിൽ ചില വൈജാത്യങ്ങളും നമ്മുടെ ദൃഷ്ടിയിൽ പെടാതിരിക്കയില്ല. ഇരുവരുടേയും ആയുഷ്കാലത്തിലെ ഏറ്റക്കുറവ് എടുത്തുകാട്ടാവുന്ന ഒന്നാണ്. എതിരാളികളെ നിശിതമായി വിമർശിച്ച വാദകേസരിയാണ് ആചാര്യൻ ആ സ്ഥാനത്ത് നമുക്ക സംയമശീലനായ ഒരു വിനയമൂർത്തിയെയാണ് ഗുരുദേവനിൽ കാണാൻ കഴിയുക. ഈ ചില്ലറ വ്യത്യാസങ്ങൾ മാററിനിർത്തിയാൽ ഇരുവരും കർമ്മയോഗികളായിരുന്നു എന്ന സത്യം അവശേഷിക്കുന്നു. 'ഏകമേ വാദ്വിതീയം' എന്ന ആചാര്യമുദ്രാവാക്യത്തിന്റെ ലളിതമായ വ്യാഖ്യാനമത്രേ 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന ഗുരുദേവ മന്ത്രം.

അങ്ങനെ അദ്വൈതസിദ്ധി കൈവന്നിട്ടും പൂർവ്വവാസനാബലത്താൽ ചണ്ഡാലനെ ആട്ടിയകററിയ തെററുതിരുത്തുന്നതിനു ശ്രീശങ്കരൻ തന്നെ അയിത്തകുലത്തിൽ വന്നുപിറന്നു എന്നു വിശ്വസിക്കുന്നതിനു വേണ്ടത്ര തെളിവും യുക്തിയും ഉണ്ടെന്ന് ഇത്രയുംകൊണ്ട് വ്യക്തമാകുമല്ലോ.

# ബിംബവും പ്രതിബിംബവും

**സി. എ. എസ്സ്, മേനോൻ**

കണ്ണാടി പ്രതിഷ്ഠയിലൂടെ ശ്രീനാരായണ ഗുരുദേവൻ നല്കിയ സന്ദേശമെന്ത്? പലരും ചർവ്വിതചർവണം ചെയ്തുകഴിഞ്ഞതാണെങ്കിലും പുതുമ നശിക്കാത്ത ആ സന്ദേശത്തിലേക്കൊരു വിഹഗവീക്ഷണം.

ഭഗവദ്ഗീതയിലൂടെ ഭക്തജനങ്ങൾക്കുവേണ്ടി അർജ്ജുനനെ മുൻനിർത്തി ഭഗവാൻ ഒരാശ്വാസവാക്ക് അരുളുന്നുണ്ട്, അഥവാ ഒരു സത്യപ്രതിജ്ഞ ചെയ്യുന്നുണ്ട്.

> യദാ യദാ ഹി ധർമ്മസ്യ
> ഗ്ലാനിർഭവതി ഭാരത!—
> അഭ്യുത്ഥാനമധർമ്മസ്യ
> തദാത്മാനം സൃജാമ്യഹം.

അധർമ്മം വളർന്ന് ധർമ്മത്തിന്ന് നാശമുണ്ടാകുമ്പോൾ ഞാൻ പുതിയ ആത്മാവിനെ സൃഷ്ടിക്കുന്നു. സ്വയം അവതരിച്ചാലും അന്യരീതിയിൽ അതിനു പററിയ ആളെ അവതരിപ്പിച്ചാലും കാര്യം സ്പഷ്ടമായി. ഭഗവാൻെറ ദശാവതാരങ്ങളെ മാത്രമെ നാം കാര്യമായി ശ്രദ്ധിച്ചിട്ടുള്ളൂ, എന്നാൽ ഭാഗവതത്തിൽത്തന്നെ ഇരുപത്തിനാല് അവതാര വർണ്ണനകൾക്ക് പ്രാധാന്യം നൽകിക്കാണാം. അതിനുമുപരിയായി ഭാഗവതകാലത്തിനുശേഷം എത്രയോ അവതാരങ്ങൾ നടന്നുകഴിഞ്ഞു. ഒരു കണക്കിന് യുഗാവതാരം എന്നുതന്നെ പറയാവുന്നവതന്നെ.

അവയിൽ ശങ്കരാചാര്യസ്വാമികൾ, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരുസ്വാമികൾ എന്നിവർ മുൻഗണനയർഹിക്കുന്ന അവതാര പുരുഷന്മാരാണ്. ദാനവചിത്തമുള്ള മാനവൻ മാധവനായിത്തീർന്ന രംഗമാണ് നമുക്കി അവതാര പുരുഷന്മാരിലൂടെ കാണാൻ സാധിക്കുന്നത്. ഇതിൽ ശ്രീനാരായണഗുരുദേവൻ യുഗധർമ്മ സ്ഥാപനം ഏതുരൂപത്തിലൊക്കെ നിർവഹിച്ചു എന്നുപന്യസിക്കാൻ തുടങ്ങിയാൽ അതു് വലിയൊരു ഗ്രന്ഥത്തിനുള്ള വകയായിത്തീരും. അതിനാൽ ആ വക കാര്യങ്ങളിലേയ്ക്ക് ശ്രദ്ധിക്കാതെ ക്ഷേത്രപ്രതിഷ്ഠകളെപ്പററിയുള്ള പ്രധാന ബിന്ദുവിനെ ചുററിപ്പററിയുള്ള വിവരണമാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നതു്.

ഏതാണ്ട് 131 കൊല്ലങ്ങൾക്കുമുമ്പ് കേരളം ഒരു ഭ്രാന്താലയം തന്നെയായിരുന്നു. ശിഖയുടെയും യജ്ഞോപവീതത്തിൻെറയും തണലിൽ തോന്നിയതെന്തും കാട്ടുന്നതു് നീതിയായിരുന്ന കാലം. അനുകൂലിക്കുമ്പോഴാണ്; അവരുടെ ആരാധനാ സ്വാതന്ത്ര്യത്തെ അവഗണിക്കാതിരിക്കുമ്പോഴാണ്. ബലാൽക്കാരമായി അതുതടഞ്ഞാലും പുനഃസ്ഥാപിക്കേണ്ടി വരുമെന്നുള്ളതാണ് ചരിത്രം നല്കുന്നപാഠം.

# ദൈവവുമായുള്ള നിരന്തര സംവാദം

## നിത്യചൈതന്യയതി

പുരാണങ്ങളിലും യഹൂദ–ക്രൈസ്തവ–ഇസ്ലാം മതഗ്രന്ഥങ്ങളിലും ദൈവം ചിലപ്പോഴൊക്കെ മനുഷ്യരോട് അവരുടെ ശ്രേയസ്സിനായി ചിലതൊക്കെ വാഗ്‌രൂപത്തിൽ പറഞ്ഞിട്ടുള്ളതായി എഴുതിക്കാണുന്നു. ഭഗവദ്ഗീതയിൽ ദൈവവും മനുഷ്യനും തമ്മിൽ നടക്കുന്ന സംവാദമാണ് ശ്രീകൃഷ്ണാർജ്ജുനസംവാദമായി കൊടുത്തിട്ടുള്ളതു്. ഇതെല്ലാം ഒരു തരത്തിൽ ഗൂഢാവബോധപ്രധാനമായ പ്രതീകാത്മകഭാഷയിലുള്ള പ്രസ്താവങ്ങളാണ്. അതിൽ അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതു മിതവും, ആലങ്കാരികഭാഷയെ ധ്വന്യാർത്ഥപ്രധാനമായി വ്യാഖ്യാനിച്ചു മനസ്സിലാക്കേണ്ടതു അധികവുമാണ്.

മനുഷ്യനെ സംബന്ധിച്ചിടത്തോളം മൂന്നു കാര്യങ്ങൾ പ്രധാനമാണ്—അവന്റെ ശരീരം, മനസ്സ്, ആത്മാവ് അഥവാ ചിത്സ്വരൂപത്തിൽ അവനിൽ വർത്തിക്കുന്ന ജീവൻ. ഇതൊരു വ്യഷ്ടിഗതമായ വിലയിരുത്തലാണ്. സമഷ്ടിയുടെ ഭാഗത്തുനിന്നു നോക്കുമ്പോൾ ശരീരത്തിനു പകരം ഈ ബ്രഹ്മാണ്ഡം, അതായതു ഭൂതഭൗതികമായ ഈ പ്രപഞ്ചം, വ്യക്തിമനസ്സിനു പകരം ബോധമുള്ള ജീവികളിലെല്ലാം കലർന്നു നില്ക്കുന്ന സമഷ്ടിയായ ജീവജ്ഞാനം, ആത്മാവിന്റെ സ്ഥാനത്തു എല്ലാററിനേയും സൃഷ്ടിച്ച് പരിപാലനം ചെയ്തു അവ്യാകൃതത്തിൽ ലയിപ്പിക്കുന്ന ഈശ്വരൻ, എന്നിങ്ങനെയുള്ള ഒരു പ്രാതിയോഗികത കാണാം. വ്യക്തിയുടെ രൂപത്തിൽ ഒരു ശരീരത്തിൽ വർത്തിച്ച് മാനസികവ്യാപാരങ്ങളെ ബോധപൂർവ്വം അറിയുകയും ശരീരത്തെ പോഷിപ്പിച്ച് സംരക്ഷിക്കുകയും ചെയ്യുന്ന ജീവനും, സമഷ്ടിരൂപത്തിൽ പ്രപഞ്ചമായും സമഷ്ടിമനസ്സായും സമ്പൂർണ്ണ ചൈതന്യമായും ഇരിക്കുന്ന ഈശ്വരനും തമ്മിൽ പലപ്പോഴും സംവാദങ്ങൾ നടക്കാറുണ്ട്. നമ്മൾ അതിന്റെ ഒരു ചെറിയ ശതമാനം മാത്രമേ വെളിവായി അറിയുന്നുള്ളൂ. കൂടുതൽ അറിയുവാൻ കഴിഞ്ഞാൽ നമുക്ക് ജീവിതത്തെ പ്രയാസങ്ങൾ കുറഞ്ഞതും, സമാധാനം അധികരിച്ചതും, സന്തോഷം വർദ്ധമാനമായതും, ആക്കുവാൻ കഴിയും.

ശരീരം ഒരു പ്രത്യേക അളവിൽ ഉണ്ടാക്കിയിരിക്കുന്ന ഒരു മെഴുകുതിരിപോലെയാണ്. അതിൽ ചെറിയ തിരിയിട്ട് ചെറുതായി കത്തിക്കാം; വലിയ തിരിയിട്ട് വലുതായി കത്തിക്കാം; ആവശ്യമുള്ളപ്പോൾ മാത്രം കത്തിക്കുകയും അല്ലാത്തപ്പോൾ തീ കെടുത്തി വച്ച് സൂക്ഷിക്കുകയും ചെയ്യാം. എന്നാൽ വിവേചനം കൂടാതെ എരിച്ചാൽ അതു അധികകാലം പ്രയോജനപ്പെടുകയില്ല. ശരീരം മെഴുകുതിരിയേക്കാൾ സങ്കീർണ്ണമായതുകൊണ്ട് അതിൽ പല മാതിരി ഇന്ധനം പല തരത്തിൽ എരിയുന്നു. പ്രാണഗതിയായും രക്തചംക്രമണമായും ദഹനക്രിയയായും മററനേകം ശാരീരികപ്രവൃത്തികളായും ബുദ്ധിവൃത്തിയായും മററും. അതിൽ ആലസ്യം കൊണ്ടും അതിവ്യയംകൊണ്ടും ഉണ്ടാകുന്ന ദോഷങ്ങളെ ശരീരം ഏതെങ്കിലും വിധത്തിൽ നമ്മെ അറിയിക്കും. അങ്ങനെയാണ് ദൈവം ശരീരത്തിൽ കൂടി നമ്മോട് സംസാരിക്കുന്നതു്. തലവേദന വരുമ്പോൾ, ഉറക്കമില്ലാതെ വരുമ്പോൾ, മലബന്ധം ഉണ്ടാകുമ്പോൾ, ഏതെങ്കിലും അവയവത്തിനു പതിവില്ലാത്ത ക്ഷീണമോ വേദനയോ തോന്നുമ്പോൾ, മറവി സംഭവിക്കുമ്പോൾ, നമ്മോട് ശരീരം എന്തോ പറയുകയാണ്—ശ്രദ്ധിക്കണമെന്നു്. ഒരപകടസൂചനയുടെ മണിനാദമാണതു്. അതുണ്ടാകുന്നപാടെ ഓടിച്ചെന്നു മരുന്നുവില്പനക്കാരനായ ഒരു ഡോക്ടറുടെ, എന്തെന്നറിയാത്ത മരുന്നു് വാങ്ങി വിഴുങ്ങുകയല്ല, ശരീരത്തിനു നൽകുന്ന ന്യായമായ മറുപടി. ആരോഗ്യവിഷയത്തിൽ ശാരീരികവും മാനസികവുമായ പ്രവർത്തനരീതികളെല്ലാം നല്ലതുപോലെ മനസ്സിലാക്കിയിട്ടുള്ള ശാസ്ത്രപടുവായ ഒരു ഭിഷഗ്വരനെ കണ്ട് അസ്വാസ്ഥ്യത്തിന്റെ ശരിയായ കാരണം മനസ്സിലാക്കി അതിനു് ആഹാരത്തിന്റെ ക്രമീകരണത്തിലും അദ്ധ്വാനത്തിന്റെ വിനിയോഗത്തിലും ദിനചര്യയുടെ സ്വഭാവത്തിലും ന്യായമായ മാററങ്ങളുണ്ടാകുമ്പോൾ ശാരീരികമായ അസ്വാസ്ഥ്യത്തിൽ കൂടി ദൈവം നമ്മോട് സംസാരിക്കുന്നതിനു നാം യുക്തമായ മറുപടി പറയുകയായി.

കൈകാലുകളും അതുപോലെയുള്ള ജ്ഞാനകർമ്മേന്ദ്രിയങ്ങളും ഭൗതികപ്രപഞ്ചത്തോട് ന്യായമായ ബന്ധം പുലർത്തുവാനുള്ള നമ്മുടെ ഉപകരണങ്ങളായിരിക്കുന്നതുപോലെ, മനസ്സ് സമൂഹത്തിന്റെ മനസ്സറിയുവാനും അതിനോടിണങ്ങി ജീവിക്കുവാനും അതിൽ കാണുന്ന തെററുകളെ അതിവേഗം ഒഴിവാക്കി ശരിയെ അംഗീകരിച്ച് സമഷ്ടിയോട് സ്വരലയം ഉണ്ടാക്കി ജീവിക്കുന്നതിനും ഉള്ള ഉപാധിയാണ്. മനസ്സ് അസ്വസ്ഥമാകുന്നെങ്കിൽ, അതിനു ഏകാഗ്രത നഷ്ടപ്പെടുകയാണെങ്കിൽ, ജീവിതം രസകരമായി തോന്നുന്നില്ലെങ്കിൽ, മററുള്ളവരെ വിശ്വാസപൂർവ്വം, ആഹ്ലാദപൂർവ്വം, സ്നേഹിക്കുവാൻ കഴിയുന്നില്ലെങ്കിൽ, നമ്മുടെ മനസ്സിൽ കൂടി ദൈവം നമുക്ക് പററിയിരിക്കുന്ന ഏതോ പാകപ്പിഴയെപ്പററി പറയുവാൻ ശ്രമിക്കുകയാണ്. അങ്ങനെ അനുഭവമുണ്ടായാൽ പരിഭ്രാന്തനായി ഒരു സൈക്യാട്രിസ്റ്റിന്റെ അടുത്തേക്ക് ഓടിപ്പോവുകയല്ല വേണ്ടതു്. ഏത സ്വാസ്ഥ്യത്തിനും ഉറക്കഗുളികയോ ട്രാൻക്വിലൈസറോ അതുപോലെ വിഷവീര്യമുള്ള നാഡി തളർത്തുന്ന മരുന്നുകളോ, ഇലക്ട്രിക് ഷോക്കോ കൊടുത്തു മനോരോഗിസമുദായത്തിലേക്ക് ഒരാത്മാവിനെ കൂടി ചൂണ്ടയിട്ട് പിടിച്ച്, ചികിത്സാവ്യവസായത്തെ പോഷിപ്പിക്കുവാനിരിക്കുന്ന 'മനഃശാസ്ത്രവിശാരദ'ന്മാരെ ശരണം പ്രാപിക്കാൻ ധൃതി കൂട്ടരുത്. അതിൽ ഒരിക്കൽ കൈവച്ചാൽ പിന്നെ ഈ ജീവിതകാലത്തു മനോരോഗം എന്നതിൽനിന്നു മുക്തി ഉണ്ടാവുകയില്ല. മറിച്ച് സ്വയമേ മനസ്സിലേക്ക് തിരിഞ്ഞ് നമ്മുടെ വലിയ മനസ്സായിരിക്കുന്ന ദൈവത്തിന്നഭിമുഖമായി നിന്നു "ദൈവമേ! എന്റെ മനസ്സിനു അസമാധാനമുണ്ടാക്കുന്ന ഒളിവിലിരിക്കുന്ന കാരണം എനിക്ക് മനസ്സിലാക്കിത്തരണമേ" എന്നു പ്രാർത്ഥിക്കണം. കുറെ ദിവസങ്ങളായി നമ്മളേർപ്പെട്ടിരിക്കുന്ന ധാർമ്മികവും സാമൂഹികവുമായ ബന്ധങ്ങളിൽ നാം മനഃപൂർവ്വം വല്ല തെററും വരുത്തിയിട്ടുണ്ടോ എന്നു നോക്കണം. അങ്ങനെ വല്ലതും കണ്ടാൽ അതിനെ തിരുത്തണം. അല്ലെങ്കിൽ പാകതയുള്ള നല്ല അമ്മയോടോ മററ് ഗുരുജനങ്ങളോടോ, ഉത്തമ സ്നേഹിതനോടോ, തനിക്ക് തോന്നുന്ന അസ്വാസ്ഥ്യത്തെ പററി കഴിയുന്നത്ര തുറന്ന് സംസാരിക്കണം. നമ്മുടെ മുമ്പിലിരിക്കുന്നതു ഒരു വ്യക്തിയാണെങ്കിലും നമ്മുടെ പ്രയാസങ്ങൾ ദൈവത്തോട് ഏററു പറയുകയാണ് എന്ന വിചാരത്തിൽ സംസാരിക്കണം. ആ വിധത്തിൽ പാരസ്പര്യത്തിന്റെ വാത്സല്യത്തിൽ മനസ്സിനെ അടക്കിയിരുത്തുന്നു. അങ്ങനെയായാൽ നമ്മുടെ തെററുകൾ ഒന്നൊന്നായി മനോമുകുരത്തിൽ വന്ന് അപ്പോഴതിനെ തിരുത്തുവാൻ കഴിയും. ഭഗവദ്ഗീത പതിനെട്ടാം അദ്ധ്യായവും പ്രത്യേകിച്ചു നാല് മുതൽ ഒമ്പതു വരെയുള്ള അദ്ധ്യായങ്ങളും മാറി മാറി വായിക്കുകയും, ബൈബിൾ, ഖുർ–ആൻ എന്നീ ഗ്രന്ഥങ്ങളിലെ സംഗതമായ ഭാഗങ്ങൾ ധ്യാനപൂർവ്വം പഠിക്കുകയും, ത്യാഗരാജൻ, പുരന്ദരദാസ്, ശ്യാമശാസ്ത്രി, ബാക്ക്, മോത്സാർട്ട്, ഹൈഡൻ, ബ്രാംസ്, സെൻ ധ്യാനസംഗീതജ്ഞർ, എന്നിവരുടെ സംഗീതത്തിലെ വികാരതീവ്രതയില്ലാത്തതും ശാന്തിരസം അധികമുള്ളതുമായ ഗാനങ്ങൾ കേട്ട് അവയുടെ ധ്യാനത്തിന്റെ നിശ്ചലതയിൽ കൂടി കടന്നു പോവുകയും ചെയ്താൽ നാം നമ്മുടെ ഭാഗത്തുനിന്നും ദൈവം തന്ന മുന്നറിയിപ്പുകൾക്ക് കൃതജ്ഞതാപൂർവ്വം മറുപടി പറയുകയായി.

മൗഢ്യം നമ്മെ അധികമായി ബാധിക്കുകയും, വിപരീതബുദ്ധി ഉണ്ടായതുപോലെ മനസ്സ് ശോകമൂകമായി ഇരുളിലേക്കു നിപതിക്കുന്നതായി തോന്നുകയും ചെയ്താൽ ആത്മസംബന്ധമായ തകരാറുകൾ നമ്മെ ബാധിക്കുന്നു എന്നു മനസ്സിലാക്കണം. നമ്മുടെ വിദ്യാഭ്യാസം, തൊഴിൽ, ഗാർഹികമായിട്ടുള്ള സംവിധാനം, സാമുദായികസ്ഥിതി, രാജ്യക്ഷേമം മുതലായവ പൊയ്ക്കൊണ്ടിരുന്ന മാർഗ്ഗത്തിൽനിന്നു പെട്ടന്നെ വ്യതിചലിച്ച് നമുക്ക് പിടികിട്ടാത്ത മാതിരി അവതാളത്തിലേക്ക് പോകുന്നതായി കണ്ടാൽ ദൈവം നമ്മുടെ ആത്മാവിൽ കൂടി അസാധാരണമായ ഒരു ദൗത്യം അയയ്ക്കുന്നതായി മനസ്സിലാക്കണം. ഇങ്ങനെയുള്ള അവസരങ്ങളിൽ ആളുകൾ ബുദ്ധികെട്ട് മദ്യപാനത്തിനോ, പണം വായ്പയെടുക്കുന്നതിനോ, കുടുംബബന്ധം ഛേദിക്കുന്നതിനോ, രാജ്യം വിട്ടോടിപ്പോകുന്നതിനോ, ജീവൻ വെടിഞ്ഞുകളയുന്നതിനോ, ഒക്കെ സാഹസപ്പെടുന്നതു കാണാം. അതല്ല ദൈവത്തിനു നൽകേണ്ടുന്ന മറുപടി. ഒരിക്കൽ ശിഷ്യന്മാരോടൊത്തു വഞ്ചിയിൽ സഞ്ചരിച്ചുകൊണ്ടിരുന്ന യേശുക്രിസ്തു നിദ്രാധീനനായി വിശ്രമിച്ചു. അപ്പോൾ കാററും

കോളുമുണ്ടായി. വഞ്ചി മറിയുന്ന ലക്ഷണമുണ്ടാവുകയും ശിഷ്യന്മാർ ഭയാക്രാന്തരായി 'നാഥാ, നാഥാ, രക്ഷിക്കണേ' എന്നു പറഞ്ഞു യേശുവിനെ വിളിച്ചുണർത്തുകയും ചെയ്തു. പ്രകൃതിയിൽ വരുകയും പോവുകയും ചെയ്യുന്ന കാറ്റ്, മഴ തുടങ്ങിയ ശക്തികളെ സമചിത്തതയോടുകൂടി നേരിട്ട് ദൈവകാരുണ്യത്തിനു വിധേയമായിട്ടുള്ള ജീവിതത്തെ ദൈവം രക്ഷിക്കും എന്നു വിശ്വസിക്കുന്നതിനു പകരം കാറ്റിനും കോളിനും വഞ്ചിയെ മറിക്കുവാൻ ശക്തി കൂട്ടിക്കൊടുത്ത പരിഭ്രാന്തി കാണിക്കുന്നതിനെ യേശു അപലപിച്ചു. അതുപോലെ പെട്ടെന്നുണ്ടാകുന്ന അത്യാഹിതങ്ങളും കുടുംബത്തെ താറുമാറാക്കിക്കളയും എന്നു ഭയപ്പെട്ട് വെറുതെ കിടന്നു കൈയും കാലുമിട്ടടിക്കരുത്. കുറേക്കൂടി ഉയർന്ന വിശ്വാസത്തോടെ കുടുംബാംഗങ്ങളെല്ലാം ഒററക്കെട്ടായി നിന്നു് പ്രത്യാശയുടെ തിരിനാളമുയർത്തി കരുതലോടെയിരുന്നു ദൈവത്തിൽ അവരുടെ അഭയം തേടുന്നതായാൽ ആപത്തൊഴിഞ്ഞുപോകും. അനിവാര്യമായുണ്ടാവുന്ന മരണം, ധനനഷ്ടം, വസ്തുനാശം മുതലായവയെ കാര്യകാരണങ്ങളോട് ഇണക്കി മനസ്സിലാക്കി, ദുരിതത്തെ പോലും ദൈവത്തോടും ജനത്തോടുമുള്ള ഉൽകടമായ ബന്ധത്തിന്റെ സന്തോഷാസ്പദമായ അനുഭവമാക്കുവാൻ സാധിക്കുമ്പോൾ ആത്മാവിൽകൂടി ദൈവം നല്കിയ ഒരു സൂചനയ്ക്കു് ന്യായമായ മറുപടി പറഞ്ഞു എന്നു വിശ്വസിക്കാം.

നമ്മുടെ ശരീരത്തിന്റെ പ്രവർത്തനങ്ങളിൽ കുറച്ചു മാത്രമേ നാമറിയുന്നുള്ളു. ഒട്ടേറെ പ്രവർത്തനങ്ങൾ നാമറിയാതെ നമുക്കുവേണ്ടി ദൈവം തന്നെ ചെയ്തുതരുന്നതാണ്. നാമറിയാതെ ശ്വാസോച്ഛ്വാസം ചെയ്യുന്നു, രക്തചംക്രമണം നടക്കുന്നു, ഭക്ഷണ പചനം നടക്കുന്നു, സിരാതന്തുക്കളുടെ പ്രവർത്തനം നടക്കുന്നു; ഇങ്ങനെ എണ്ണിയാലൊടുങ്ങാത്തതാണ് നമ്മുടെ ശരീരത്തിലെ പ്രവർത്തനങ്ങൾ. അതാലോചിക്കുമ്പോൾ കറുത്തിരുണ്ട പാരാവാരത്തിലെ ഒരു ചെറുകണത്തിൽ മാത്രമിരുന്നു മിന്നുന്ന ഒരു ജ്യോതിസ്സാണ് മനുഷ്യന്റെ ബുദ്ധി പ്രവർത്തനം എന്നു പറയാം. ആ ബുദ്ധിയും അതിനെ നിലനിറുത്തുന്ന അബോധത്തിലെ മഹാസത്യവുമായിട്ടാണ് ശാരീരികതലത്തിൽ നാം സർവ്വദാ സംവാദത്തിലേർപ്പെട്ടിരിക്കുന്നതു്.

നമ്മുടെ മനസ്സു വെള്ളത്തിൽ അല്പമാത്രമായി പൊങ്ങിക്കിടക്കുന്ന ഐസ്കട്ടപോലെയാണെന്നു കാര്യവിവരമുള്ള മഹാശാസ്ത്രജ്ഞന്മാർ കരുതുന്നു. മനസ്സിനു എന്തെങ്കിലും വലിയ ആഘാതം വരുമ്പോഴേ ബോധമനസ്സിന്റെ പിന്നിൽ വളരെ ആഴവും പരപ്പുമുള്ള വേറൊരു മനസ്സും കൂടി പ്രവർത്തിക്കുന്നുണ്ട് എന്നു നാമറിയുന്നുള്ളു. എന്നാൽ ഇതു രണ്ടു മനസ്സുകളല്ല, ബോധമനസ്സിനെ പ്രചലിതമാക്കി അസ്വാസ്ഥ്യത്തെ വർദ്ധിപ്പിക്കാതെ വിശ്വാസത്തോടെ അതിനെ വീണ്ടും സമതുലിതമാക്കുവാൻ സമഷ്ടിയായ പ്രജ്ഞാനഘനത്തിനു വിട്ടുകൊടുക്കുവാൻ നമുക്ക് സാവകാശമുണ്ടായാൽ നമ്മുടെ ബോധമനസ്സ് അബോധമനസ്സുമായി പ്രയോജനകരമായ വിധത്തിൽ ഒരു സംവാദത്തിലേർപ്പെടും. അതിനുള്ള ഉപായങ്ങളായിട്ടാണ് ധ്യാനത്തെയും മൗനത്തേയും സ്വാദ്ധ്യായത്തേയും സംഗീതാദി മനോലയങ്ങൾ വരുത്തുന്ന ഉപാധികളേയും ആശ്രയിക്കുന്ന കാര്യം നേരത്തേ പറഞ്ഞതു്. 'The unknown' എന്നു ഇംഗ്ലീഷിൽ പറയുന്ന പരമമായ അജ്ഞാതസത്യത്തേയും 'The unconscious' എന്നു വിളിച്ചു പോരുന്ന പരമമായ അബോധത്തേയും, അർത്ഥം പെട്ടെന്നു പിടികിട്ടാത്ത പരമാർത്ഥസ്വരൂപമായെണ്ണി അതിന്റെ മുമ്പിൽ നമ്രശിരസ്സനായി വിനീതനായിരുന്നു്, "ദൈവമേ, ഞാനാരുമല്ല, നിന്റെ കാരുണ്യത്തിലെ ഒരു ചെറുകണം മാത്രമാണ്, എന്നെ നീ കൈവെടിയരുതേ, നിന്റെ കരുതൽകൊണ്ടു്, കാരുണ്യം കൊണ്ട് വർത്തിക്കേണ്ടവനാണ് ഞാൻ, എന്നെ നയിക്കേണമേ" എന്ന പ്രാർത്ഥനയിൽ കൂടി പ്രശാന്തതയിൽ കൂടുതൽ കൂടുതൽ അഭയം പ്രാപിച്ചാൽ ദൈവത്തോടുള്ള നമ്മുടെ സംവാദം അത്യന്തം മധുരതരമായി തീരുമെന്നും അതിന്റെ ആശ്ചര്യം നമ്മളിൽ ഒരിക്കലും മങ്ങലേല്ക്കാത്ത പ്രത്യാശയുണ്ടാക്കുമെന്നും മനസ്സിലാക്കണം. അതു മനസ്സിലാകുന്നതു തന്നെയാണ് ഏറ്റവും വലിയ ദൈവാനുഗ്രഹം.

***

# ഗുരുദേവ ചരിത്രത്തിലെ ഏടുകൾ

## ഗുരുദേവൻ മരുത്വാ മലയിൽ എത്തുന്നു

എം. ദാമോദരൻ

പാടങ്ങൾ കാടുകൾ മേടുകൾ തോട്ടുകൾ എന്നിങ്ങിനെ പ്രകൃതി മനോഹരങ്ങളായ ഭൂവിഭാഗങ്ങൾ പലതും താണ്ടി നാണുസ്വാമി അദ്ദേഹത്തിന്റെ അന്വേഷണം തുടരുകയാണ്. കുറെ നടക്കും, വെയിൽവർദ്ധിക്കുമ്പോൾ വല്ലവൃക്ഷത്തണലിലോ ക്ഷേത്രാങ്കണങ്ങളിലോ ഇരിക്കും. വിശ്രമമെന്നു ആ ഇരുപ്പിന്നു പറയാൻവയ്യ. വിശ്രമത്തിലല്ല, പരിശ്രമത്തിലാണല്ലോ അദ്ദേഹം ദത്തശ്രദ്ധനായിരിക്കുന്നതു് ആ ഇരുപ്പിൽ ധ്യാനവിലീനനാകും ആ മുഖതേജസ്സ് ആരെയും ആകർഷിക്കുവാനും ആരിലും ഭക്തിബഹുമാനങ്ങൾ വദ്ധിപ്പിക്കുവാനും സമർത്ഥമായിരുന്നു. പലപ്പോഴും ഭക്തജനങ്ങൾ പഴങ്ങളും മററും സ്വാമിയുടെ മുമ്പിൽ സമർപ്പിക്കും. സ്വാമിയാകട്ടെ ഒന്നോരണ്ടോ പഴങ്ങൾ സ്വീകരിച്ചു, ബാക്കി മററുള്ളവർക്കായി വിതരണം ചെയ്യും.

അങ്ങിനെ നടന്നു നടന്നു നാഗർ കോവിലിന്നു ഒട്ടു കിഴക്കായി സ്ഥിതിചെയ്യുന്ന ആ ഉയർന്ന ഭൂമിയിലെത്തിച്ചേർന്നു. അങ്ങിങ്ങായി വൻമരങ്ങളും ഇടയ്ക്കു് ചെറുമരങ്ങളും മററും പൂത്തും തളിർത്തുംവിലസുന്ന ചെടികളും വളർന്നു, പല മൃഗങ്ങളും പക്ഷികളും സ്വച്ഛന്ദം വിഹരിക്കുന്നതുമായ ആ ഉയർന്ന പ്രദേശമത്രെ ''മരുത്വാമല'' സ്വാമി സൗകര്യപ്പെട്ട ഇടങ്ങളിലൂടെ ആ മല കയറി ശ്രദ്ധാപൂർവ്വം തെല്ലു ചുററിനടന്നു അവിടെ ഒരിടത്തുനിന്നു നോക്കിയപ്പോൾ അങ്ങകലെ വിശാലമായ സമുദ്രം വെള്ളപ്പരവതാനിപോലെ കാണാറായി. കടലിന്റെ ഇരമ്പം കേൾക്കാം. ഒരു കുളിർകാററു ആ ക്ഷണത്തിൽ സ്വാമിയെ ആശ്ലേഷിച്ചുകൊണ്ടുനീങ്ങി. ആ കാറേററു ഇളകി നേരിയമർമ്മരമുതിർക്കുന്ന വള്ളികളും ലതകളും അദ്ദേഹത്തോടു പറയുന്നതായി അദ്ദേഹത്തിന്നു തോന്നി.—

'ഇവിടെത്തന്നെയാണു് അങ്ങു അന്വേഷിക്കുന്ന സ്ഥലം.'

അവിടെ തിരിഞ്ഞു മലയിൽ കണ്ണോടിച്ചപ്പോൾ അതാ ഒരു ഗുഹ കാണുന്നു. വള്ളികളും കുററിച്ചെടികളും ഒരു ചുള്ളിക്കമ്പുകൊണ്ടു് ചായ്ച്ചു്, സ്വാമി ആ ഗുഹക്കകത്തേയ്ക്കു കടന്നു. എന്തൊരു മനോഹരമായ കാഴ്ച! ഗുഹയ്ക്കകത്തു പഞ്ചസാരയെന്നോത്തുമണൽ പരന്നുകിടക്കുന്നു. സ്വാമികൾക്കു് ആ കുന്നുകയറിയതുകൊണ്ടും ഒരു ക്ഷീണവുമില്ല. ഗുഹയ്ക്കകത്തു കടന്ന അദ്ദേഹം ആ മണലിൽ പത്മാസനസ്ഥനായി ധ്യാനലീനനായി ഇരുന്നു. ഒരു മാർബിൾ പലകമേൽ കനകവിഗ്രഹം പോലിരുന്നു ആ രംഗം. പല ക്ഷേത്രപരിസരങ്ങളിലും കാടുകളിലും കുന്നുകളിലും അവിടുന്നു ഇരുന്നു ധ്യാനിച്ചിട്ടുണ്ടു്. പക്ഷേ ഈ മരുത്വാൻ മലയിലെ 'പിള്ളത്തടത്തിൽ' ഇന്നുണ്ടായ അനുഭൂതി ഇതപര്യന്തമുണ്ടായിട്ടില്ലെന്നു തോന്നും. കടലിലെ ഇരമ്പലോ കാട്ടുമൃഗങ്ങളിൽ നിന്നുണ്ടാകുന്ന ഭീകര ശബ്ദങ്ങളോ കുയിലുകളുടെ കൂജനം പോലും ആ സിദ്ധൻ അറിയുന്നില്ല അനാഹത ധ്വനിമണ്ഡലത്തിലെ അനുഭൂതി മാത്രം.

വെളിച്ചം മങ്ങിത്തുടങ്ങിയതു് അവിടുന്നറിയുന്നില്ല. എത്ര നേരമങ്ങിനെ ഇരുന്നെന്നു പറയാൻ വയ്യ. ഇരുട്ടുകൂടി വരുകയാണ്. കുറുക്കന്മാർ ഓരിയിടാൻ തുടങ്ങി നരിയുടെ ചീററൽ കേൾക്കാം. ഒരു ചെമ്പോത്തു് 'ഗും ഗും' എന്നു ശബ്ദിച്ചുകൊണ്ടിരുന്നു. അത് ഇരുട്ടിനെത്തന്നെ ധ്വനിപ്പിക്കുകയാണല്ലോ. 'ഗു'കാരത്തെ ബോധിക്കുന്ന ഒരു ഗുരുവിന്റെ സാന്നിദ്ധ്യം — അന്ധകാരത്തെ അകററുന്ന തേജസ്സിന്റെ സാന്നിദ്ധ്യം-ആ ചെമ്പോത്ത് പ്രഖ്യാപിക്കുകയായിരുന്നു. പ്രാപഞ്ചിക വിഷയങ്ങളൊന്നുംതന്നെ അവിടുത്തേയ്ക്കു അനുഭൂതി വിഷയമല്ല. ഏറെക്കാലമായി അന്വേഷിച്ചു, കണ്ടെത്തിയ ഏകാന്തതയുടെ അത്യാനന്ദകരമായ അനുഭൂതിയുടെ മുമ്പിൽ പ്രാപഞ്ചകങ്ങളായ കോലാഹലങ്ങൾക്കെന്തു സ്ഥാനം!

ദീർഘലമായ ആധ്യാനത്തിൽ നിന്നുണർന്നു സ്വാമി ഗുഹയുടെ പുറത്തുവന്നു. ചന്ദ്രൻ ഉയർന്നുകഴിഞ്ഞിരുന്നു. ചന്ദ്രികവെള്ളിച്ചാറാക്കിമാററിയ ആ ആഴിപ്പരപ്പ്, ഗുഹാമുഖത്തു നിൽക്കുന്ന തേജോഗോളത്തെ അഭിവാദ്യം ചെയ്യുകയാണ്.

സ്വാമിക്കു കുറേശ്ശ വിശപ്പും ദാഹവും അനുഭവപ്പെട്ടു. അവിടെ നിന്നു് അദ്ദേഹം ഏകദേശം എട്ടുപത്തടിമുമ്പോട്ടുനടന്നു. അതാ ഒരു വെളുത്ത മുയൽ ചാടിച്ചാടിക്കൊണ്ടു് വടക്കോട്ടോടുന്നു. പിന്നാലെ അതാ നാലഞ്ചു പിഞ്ചു മുയൽ കുട്ടികളും ഉണ്ടു്.

സ്വാമി ആ മുയലുകൾ ഓടിപ്പോയ ദിക്കിന്നു ലക്ഷ്യംവെച്ചു നടന്നു. തെല്ലുദൂരം ചെന്നപ്പോൾ, അദ്ദേഹത്തിന്റെ ചിന്തയിലുദിച്ചിരുന്ന സംശയം തീർന്നു. ഒരു ചെറിയ അരുവിയും ഇവിടെ ഒഴുകിക്കൊണ്ടിരിക്കുന്നു. കൈക്കുമ്പിളിൽ കുറച്ചു വെള്ളമെടുത്തു മുഖവും കൈകളും കാലുകളും കഴുകി. കുറച്ചു വെള്ളം കുടിച്ചു ദാഹം ശമിപ്പിച്ചു. മടങ്ങിപ്പോരുമ്പോൾ എന്തോ ചലനമുള്ളതായി തോന്നി. ശ്രദ്ധിച്ചു നോക്കിയപ്പോൾ ഒരു നരി സ്വാമിയുടെ അടുത്തുകൂടെ ആ അരുവിക്കടുത്തേക്കു പോകുകയാണ് സ്വാമിക്കുയാതൊരു ഭാവഭേദവുമില്ല. നരിയാകട്ടെ നിസ്സംഗനായ ഒരു സന്യാസിയെപ്പോലെ അശ്രദ്ധനായി നടക്കുകയുമാണ്.

സ്വാമി വീണ്ടും ഗുഹയിലെത്തി, ധ്യാനലീനനായി പിറേറന്നു് സൂര്യോദയത്തിനു മുമ്പുതന്നെ സ്വാമി ഉണർന്നു. ഗുഹയുടെ പുറത്തുവന്നു. ചുററുപാടും കണ്ണോടിച്ചു പടിഞ്ഞാറുഭാഗത്തു് അററം കാണാത്ത സമുദ്രം. കിഴക്കു് ജ്ഞാനോദയത്തിന്റെ അരുണ പ്രകാശമണിഞ്ഞ സൂര്യോദയം. ആ അരുണിമ ഒരു പുതിയ യുഗത്തിന്റെ പിറവിയാണ് സൂചിപ്പിക്കുന്നതു്. ചുററും സുന്ദരമായ പൂക്കൾവിരിഞ്ഞ കാഴ്ച, പലവിധത്തിലുള്ള മനോഹരങ്ങളായ കിളികൾ പാടിപ്പറന്നു അഖിലേശ്വരനെ സ്തുതിക്കുന്നു. സ്വാമി തേജസ്സൊഴുന്ന മുഖഭാവത്തോടെ അങ്ങു് അനന്തതയിൽ ദൃഷ്ടിയുറപ്പിച്ചു നില്ക്കുകയാണ്.

പ്രഭാതം നല്ലപോലെ തെളിഞ്ഞു കഴിഞ്ഞു. വെളിച്ചത്തിന്റെ ശീതളിമ വിട്ടിട്ടില്ല. പെട്ടെന്നു പ്രകൃതിയാകെ മങ്ങി. ഒരിളം കാററു കുററിക്കാടുകളിലൂടെ ചൂളം വിളിച്ചുകൊണ്ടു നീങ്ങി. കോടിക്കണക്കിനു വെള്ളിസൂചികൾ ആകാശത്തിൽ നിന്നു നേരിട്ടു പൊഴിയുംപോലെ ഒരു മഴ ചാറി, സ്വാമിയുടെയും ദൃശ്യപ്രപഞ്ചത്തിന്റെയും മദ്ധ്യേ ഏററവും നേരിയ ഒരു വെള്ള മസ്ലിൻ തുണിയിലൂടെ എന്നപോലെ ആ കാനനദൃശ്യം ആനന്ദകരമായിരുന്നു. മായയാൽ മറക്കപ്പെട്ട സത്യം. സ്വാമി ഗുഹക്കകത്തുകടന്നുഇരിപ്പായി.

മഴ മാറിയപ്പോൾ സ്വാമി വീണ്ടും ഗുഹയിൽനിന്നു് പുറത്തുവന്നു. തലേന്നാൾ ചെന്നു വെള്ളം കുടിച്ച അരുവിക്കു

നേരെ നടന്നു. അരുവിയുടെ പാർശ്വഭാഗത്തുകൂടി കുറെക്കൂടി ചെന്നപ്പോൾ ഒരു പാറക്കെട്ടു കണ്ടു. രണ്ടു മൂന്നടി ആഴവും എട്ടടി വീതിയും സ്വല്പംകൂടി നീളവുമുള്ള പ്രകൃതി ദത്തവുമായ ഒരു ജലശേഖരം—ഒരു വലിയ കൊട്ടത്തളം പോലിരുന്നു. അതിനടുത്തുകൂടെയാണ് അരുവി ഒഴുകുന്നതു് ആ ജലം അരുവിയിൽ ലയിക്കുന്നില്ല. പക്ഷേ കവിഞ്ഞ ജലം മറെറാരു കൊച്ചരുവിയെ സൃഷ്ടിക്കുന്നുണ്ടു്.

സ്വാമി വസ്ത്രമെല്ലാം അഴിച്ചു കരയിൽ വെച്ചതന്നെ കഴുകി ശുദ്ധമാക്കി പാറപ്പുറത്തു് ഉണക്കാൻ വിരിച്ചശേഷം ആ ജലസംഭരണിയിൽഇറങ്ങിമുങ്ങിക്കുളിച്ചു. പിന്നീടു് തികച്ചും ഉണങ്ങാത്ത മുണ്ടും മേൽമുണ്ടും ധരിച്ചു.

തിരിഞ്ഞുനടക്കാൻ ഭാവിച്ചപ്പോൾ ഒരു പച്ചില വള്ളി സ്വാമിയുടെ ദൃഷ്ടിയിൽപ്പതിച്ചു. തെല്ലിട ആ വള്ളിയും ഇലയും ശ്രദ്ധിച്ചുനിന്നു. സ്വാമി തന്റെ അമ്മാവനായ കൃഷ്ണൻ വൈദ്യരുടെ ഗ്രന്ഥ ശേഖരത്തിൽ നിന്നുമനസ്സിലാക്കിയ അതേ 'ഔഷധം'— കട്ടക്കോടി എന്നറിയപ്പെടുന്ന ചെടി! പിന്നീടു ഒരു വീതിയുള്ള ചേമ്പില പറിച്ചെടുത്തു മേൽ പറഞ്ഞ മരുന്നുവള്ളി പിഴിഞ്ഞു. തെല്ലുകഴിഞ്ഞപ്പോൾ ആ നീരിന്നു കട്ടി കൂടി അപ്പംപോലെയായി. സ്വാമിയുടെ ഔഷധത്തെപ്പററിയുള്ള സംശയം തീർന്നു. ആ അപ്പത്തോടൊപ്പം ഒരിലക്കുമ്പിളിൽ കുറച്ചു ശുദ്ധ ജലവുമായി സ്വാമി ഗുഹാഭിമുഖമായി മടങ്ങി.

നിത്യവും സൂര്യോദയം ദർശിച്ചും ധ്യാനിച്ചും കാട്ടുകിഴങ്ങുകളും മററും ഭക്ഷിച്ചും സ്വാമികൾ മരുത്വാ മലയിലെ പിള്ളത്തടമെന്ന ഗുഹയിൽ ഏതാനും വർഷങ്ങൾ കഴിച്ചു കൂട്ടി, കഠിനമായ തപോനിഷ്ഠയിൽ ഭാവിയിലെ ശ്രീനാരായണഗുരു ബോധിവൃക്ഷത്തിൻകീഴിൽ ബുദ്ധനെപ്പോലെ കഴിച്ചുകൂട്ടി. □